Deivarajyam March 2017
● R.N.7623/63
Registered No. KL/ALY/0020/2017-2019 ● R.N. 7623/1963
Date of publication: 1/3/2017
● Posted at Thodupuzha Stg.
Annual Subscription ₹ 100.00





Printed at Sanjo Offset Press, Kothamangalam
Editor, Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691

EPARCHY OF KOTHAMANGALAM

# ദൈവരാജ്യം

## കോതമംഗലം രൂപത ബുള്ളറ്റിൻ

വാല്യം 56
മാർച്ച് 2017
ലക്കം 3



# ആശംസകൾ



ഭാരതത്തിന്റെ പുതിയ നൂൺഷ്യോ ആയി നിയമിതനായ
ആർച്ച്ബിഷപ്പ് ജാംബത്തിസ്ത ദി ക്വാത്രോയ്ക്ക്
കോതമംഗലം രൂപതാ കുടുംബത്തിന്റെ
അഭിനന്ദനങ്ങളും......
ആശംസകളും......

# നിര്യാതനായി



## റവ. ഫാ. ജോസഫ് പാറയിൽ (81)


| | | |
|---|---|---|
| ഇടവക | – | കോടിക്കുളം |
| ജനനം | – | 27.09.1935 |
| തിരുപ്പട്ടം | – | 11.03.1966 |
| മരണം | – | 12.02.2017 |
| മൃതസംസ്കാരം | – | 15.02.2017 |

### സേവനരംഗങ്ങൾ

| | | |
|---|---|---|
| അസ്തേന്തി | – | വാഴത്തോപ്പ് |
| വികാരി | – | കാഞ്ചിയാർ, മാലിപ്പാറ, മുരിക്കാശ്ശേരി, പന്നിയാർകുട്ടി, കുഞ്ചിത്തണ്ണി, കുണിഞ്ഞി, വെളിയേൽച്ചാൽ, പെരിങ്ങഴ, കൂമ്പൻപാറ, രാജാക്കാട്, കല്ലാർകുട്ടി, പൊന്നന്താനം. |

# ദൈവരാജ്യം

EPARCHY OF KOTHAMANGALAM




*Patron*
**Mar George Madathikandathil**
Bishop of Kothamangalam

*Editor, Printer & Publisher*
**Rev. Dr. George Thekkekara**

**വാല്യം 56**
**മാർച്ച് 2017**
**ലക്കം 3**

The Eparchial Curia
Bishop's House, P.B. No.6
Kothamangalam - 686 691
Mob. 8281946306
bishophouseklm@gmail.com


## ഉള്ളടക്കം


| | പേജ് |
|---|---|
| നോമ്പുകാലസന്ദേശം - 2017 | 5 |
| മാർച്ച് 4 - ഫാ. ടോം ഉഴുന്നാലിൽ SDB ബന്ദിയാക്കപ്പെട്ടതിന്റെ വാർഷിക ദിനാചരണം | 10 |
| മദ്യവിരുദ്ധ ഞായർ, 12 മാർച്ച് 2017 കെസിബിസി മദ്യവിരുദ്ധ സമിതി പുറപ്പെടുവിക്കുന്ന സർക്കുലർ | 12 |
| രൂപതക്കച്ചേരി | 19 |
| മൈനർ സെമിനാരി | 27 |
| വിജ്ഞാനഭവൻ | 29 |
| വിദ്യാഭ്യാസം | 32 |
| തിരുബാലസഖ്യം | 34 |
| ചെറുപുഷ്പമിഷൻലീഗ് | 34 |
| കെ.സി.എസ്.എൽ. | 36 |
| ദീപിക ഫ്രണ്ട്സ് ക്ലബ്ബ് (DFC) | 36 |
| യുവദീപ്തി | 37 |
| ജീസസ് യൂത്ത് | 38 |
| ഫാമിലി അപ്പോസ്റ്റലേറ്റ് | 38 |
| മാതൃവേദി | 40 |
| ഡി.സി.എം.എസ്. | 41 |
| എ.കെ.സി.സി. | 41 |
| എമ്മാനുവേൽ ധ്യാനകേന്ദ്രം | 42 |
| പ്രാർത്ഥനാഗ്രൂപ്പ് | 44 |
| അല്മായ ഫ്രാൻസിസ്കൻ സഭ | 45 |
| സെന്റ് വിൻസെന്റ് ഡി പോൾ | 46 |
| കേരള ലേബർ മൂവ്മെന്റ് | 47 |
| വാർത്തയും വിശേഷങ്ങളും | 48 |
| നെസ്റ്റ് പ്രോഗ്രാം | 48 |
| തിരുനാൾ മംഗളങ്ങൾ | 49 |
| രൂപതാദ്ധ്യക്ഷന്റെ ഡയറി | 50 |
| ബിഷപ്സ് പ്രോഗ്രാം | 52 |
| പ്രാർത്ഥനയിൽ ഓർക്കാം | 53 |
| നിര്യാതയായി | 53 |




## ഓർമ്മിക്കാൻ

### മാർച്ച്

- 1–3 – Pre-Marriage Course
- 10 – ജീസസ് യൂത്ത് - നൈറ്റ് വിജിൽ
- 11 – വിശ്വാസോത്സവം ട്രെയിനിംഗ് പ്രോഗ്രാം
- 12 – മദ്യവിരുദ്ധ ഞായർ
- 15–17 – Pre-Marriage Course
- 17 – ഫാമിലി അപ്പോസ്റ്റലേറ്റ് രൂപതാ എക്സിക്യൂട്ടീവ്
- 19 – St. Joseph's Day

### തിരുനാളുകൾ

- 18 : വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ
  ജറുസലേമിലെ വി. സിറിൽ
- 25 : മംഗളവാർത്തതിരുനാൾ

Ref: 3003 /K 35/OL/KCBC/DS

10.2.2017

# ഫ്രാൻസിസ് പാപ്പാ പുറപ്പെടുവിച്ച നോമ്പുകാലസന്ദേശം - 2017

*വചനം ഒരു ദാനമാണ്, മറ്റു വ്യക്തികൾ ഒരു ദാനമാണ്*

പ്രിയ സഹോദരീസഹോദരന്മാരേ,

നോമ്പുകാലം ഒരു പുതിയ തുടക്കമാണ്. മരണത്തിൻമേൽ ക്രിസ്തുനേടിയ വിജയമാകുന്ന ഉത്ഥാനം എന്ന ലക്ഷ്യത്തിലേക്കു നയിക്കുന്ന പാതയാണ്. മാനസാന്തരപ്പെടാൻ ഈ കാലം നമ്മെ നിർബന്ധിക്കുന്നു. "പൂർണഹൃദയത്തോടെ" (ജോയേൽ 2:12) ദൈവത്തിലേക്ക് പിന്തിരിയാനും മന്ദത ഉപേക്ഷിച്ച് കർത്താവുമായുള്ള സൗഹൃദബന്ധത്തിൽ വളരാനും ക്രൈസ്തവരോട് അത് ആവശ്യപ്പെടുന്നു. നമ്മെ ഒരിക്കലും ഉപേക്ഷിക്കാത്ത വിശ്വസ്തനായ സുഹൃത്താണ് യേശുക്രിസ്തു. നമ്മൾ പാപം ചെയ്യുമ്പോഴും അവിടന്ന് നമ്മുടെ തിരിച്ചുവരവിനായി ക്ഷമാപൂർവം കാത്തിരിക്കുന്നു. ക്ഷമാപൂർവകമായ ആ പ്രതീക്ഷ വഴി ക്ഷമിക്കാനുള്ള അവിടത്തെ സന്നദ്ധത നമുക്കു വ്യക്തമാക്കിത്തരുന്നു (cf Homily, 8 January 2016).

സഭ നല്കുന്ന വിശുദ്ധീകരണ മാർഗങ്ങളിലൂടെ ആധ്യാത്മിക ജീവിതം ആഴപ്പെടുത്താൻ അനുകൂലമായ കാലമാണ് നോമ്പുകാലം. ഉപവാസം, പ്രാർത്ഥന, ധർമ്മദാനം എന്നിവയാണ് വിശുദ്ധീകരണ മാർഗങ്ങൾ. എല്ലാറ്റിന്റെയും അടിസ്ഥാനമായിട്ടുള്ളത് ദൈവവചനമാണ്. ദൈവവചനം കേൾക്കാനും അതിനെപ്പറ്റി കൂടുതൽ ആഴത്തിൽ ചിന്തിക്കാനും നോമ്പുകാലത്തു നാം ക്ഷണിക്കപ്പെടുന്നു. ഇവിടെ സമ്പന്നനായ മനുഷ്യന്റെയും ലാസറിന്റെയും ഉപമയെപ്പറ്റി ചിന്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നു (cf ലൂക്കാ 16:19-31). അർത്ഥപൂർണമായ ഈ കഥയിൽ നിന്ന് നമുക്കു പ്രചോദനം സ്വീകരിക്കാം. കാരണം, യഥാർത്ഥ സന്തോഷവും നിത്യജീവനും നേടാൻ നാം എന്താണു ചെയ്യേണ്ടതെന്ന് ആ ഉപമ പഠിപ്പിക്കുന്നു. ആത്മാർത്ഥമായി മാനസാന്തരപ്പെടാൻ അത് ആഹ്വാനം ചെയ്യുന്നു.

**1. അന്യവ്യക്തി ഒരു ദാനമാണ്**

ആ ഉപമ തുടങ്ങുന്നത് പ്രധാനപ്പെട്ട രണ്ടു കഥാപാത്രങ്ങളെ അവതരിപ്പിച്ചുകൊണ്ടാണ്. ദരിദ്രനായ മനുഷ്യനെപ്പറ്റി കൂടുതൽ വിവ



രങ്ങൾ നല്കുന്നുണ്ട്. അയാൾ കഷ്ടതയിൽപ്പെട്ട് നില്ക്കാൻപോലും കഴിവില്ലാതായവനാണ്. അയാൾ സമ്പന്നന്റെ പടിവാതുക്കൽക്കിടന്ന് സമ്പന്നന്റെ മേശയിൽ നിന്നു വീഴുന്ന അപ്പക്കഷണങ്ങൾ തിന്നു കഴിയുന്നു. അയാളുടെ ശരീരം മുഴുവനും വ്രണമാണ്. പട്ടികൾ വന്ന് അയാളുടെ മുറിവുകൾ നക്കിക്കൊണ്ടിരുന്നു (cf വാ. 20-21). വലിയ കഷ്ടതയുടെ ചിത്രമാണിത്. നിർഭാഗ്യവാനും സഹതാപത്തിന് അർഹനുമായ ഒരു മനുഷ്യനെ അതു ചിത്രീകരിക്കുന്നു.

ആ ദരിദ്രൻ ലാസർ എന്നു വിളിക്കപ്പെടുന്നുവെന്ന കാര്യം പരിഗണിക്കുമ്പോൾ ചിത്രം കൂടുതൽ നാടകീയമായിത്തീരുന്നു. വാഗ്ദാനങ്ങൾ നിറഞ്ഞവൻ എന്നാണ് ആ പേരുകൊണ്ട് ഉദ്ദേശിക്കുന്നത്. ആ പേരിന്റെ വാച്യാർത്ഥം "ദൈവം സഹായിക്കുന്നു" എന്നാണ്. ഈ കഥാപാത്രം അജ്ഞാതമല്ല. അയാളുടെ സവിശേഷതകൾ വ്യക്തമായി വിവരിച്ചിട്ടുണ്ട്. സ്വന്തം ചരിത്രമുള്ള വ്യക്തിയായി അയാൾ കാണപ്പെടുന്നു. അയാൾ സമ്പന്നന് പ്രായോഗികമായി അദൃശ്യനാണെങ്കിലും പരിചയക്കാരനായി അയാളെ നാം കാണുകയും അറിയുകയും ചെയ്യുന്നുണ്ട്. അയാൾ ഒരു മുഖമാണ്. ആ നിലയിൽ ഒരു ദാനമാണ്,

അമൂല്യനിധിയാണ്. സമുദായഭ്രഷ്ടനെന്ന നിലയാണ്, വസ്തുനിഷ്ഠമായി അയാൾക്കുള്ളതെങ്കിലും ദൈവം സ്നേഹിക്കുകയും ശ്രദ്ധിക്കുകയും ചെയ്യുന്ന ഒരു മനുഷ്യനാണ് (cf Homily, 8 January 2016).

മറ്റു വ്യക്തികൾ ഒരു ദാനമാണെന്ന് ലാസർ നമ്മെ പഠിപ്പിക്കുന്നു. ആളുകളുമായുള്ള ശരിയായ ബന്ധം അവരുടെ മൂല്യത്തെ നന്ദിപൂർവം അംഗീകരിക്കുന്നതിലാണ് അടങ്ങിയിരിക്കുന്നത്. സമ്പന്നന്റെ വാതിൽപ്പടിക്കൽ കിടക്കുന്ന ദരിദ്രൻ പോലും ഒരു ശല്യമല്ല. പിന്നെയോ മാനസാന്തരത്തിനും മാറ്റത്തിനുംവേണ്ടിയുള്ള വിളിയാണ്. നമ്മുടെ ഹൃദയത്തിന്റെ വാതിലുകൾ തുറക്കാൻ ഈ ഉപമ ഒന്നാമതായി നമ്മെ പഠിപ്പിക്കുന്നു. കാരണം, ഓരോ വ്യക്തിയും ഒരു ദാനമാണ്. ആ വ്യക്തി നമ്മുടെ അയൽക്കാരനായാലും അറിയപ്പെടാത്ത ദരിദ്രനായാലും ഒരു ദാനമാണ്. ആവശ്യത്തിൽപ്പെട്ട എല്ലാവരെയും തിരിച്ചറിയാനും അവരിൽ യേശുവിന്റെ മുഖം കാണാനുംവേണ്ടി വാതിലുകൾ തുറക്കാനുള്ള സമുചിതമായ സമയമാണ് നോമ്പുകാലം. ഓരോ ദിവസവും ഇത്തരത്തിലുള്ളവരെ നാം കണ്ടുമുട്ടുന്നുണ്ട്. സ്വീകരണവും ആദരവും സ്നേഹവും അർഹിക്കുന്ന ഒരു ദാനമാണ് നാം ഓരോ ദിവസവും കണ്ടുമുട്ടുന്ന ഓരോ ജീവിതം. ജീവനെ സ്വാഗതം ചെയ്യാനും സ്നേഹി

ക്കാനും, പ്രത്യേകിച്ച് അത് ദുർബലവും മുറിപ്പെടാവുന്നതുമാണെങ്കിൽ, നമ്മുടെ കണ്ണുകൾ തുറക്കാൻ ദൈവവചനം നമ്മെ സഹായിക്കുന്നു. പക്ഷേ, അങ്ങനെ ചെയ്യുന്നതിന്, സുവിശേഷം സമ്പന്നനെപ്പറ്റി പറയുന്നതെന്താണെന്ന് ഗൗരവപൂർവം പരിഗണിക്കണം.

**2. പാപം നമ്മെ ബന്ധിക്കുന്നു**

സമ്പന്നനായ മനുഷ്യനോടു ബന്ധപ്പെട്ട വൈരുധ്യങ്ങൾ ഉപമയിൽ പൂർണമായി വിവരിച്ചിട്ടുണ്ട് (cf വാ. 19). ലാസറിനുള്ളതുപോലെ ഒരു പേര് സമ്പന്നനില്ല. അയാൾ വെറുതെ "സമ്പന്നനായ മനുഷ്യൻ" എന്നുമാത്രം വിളിക്കപ്പെടുന്നു. അയാളുടെ സമ്പത്തിന്റെ അതിസമൃദ്ധി അയാളുടെ അനിയന്ത്രിതവും അമിതച്ചെലവുള്ളതുമായ വസ്ത്രങ്ങളിൽത്തന്നെ കാണാവുന്നതാണ്. ചെമന്നപട്ട് വെള്ളിയെക്കാളും സ്വർണത്തെക്കാളും വിലകൂടിയതായിരുന്നു. അതുകൊണ്ട് അത് ദേവന്മാർക്കും (cf ജറ 10:9), രാജാക്കന്മാർക്കും (cf ന്യായാ 8:26) മാത്രം ഉപയോഗിക്കാവുന്നവയായിരുന്നു. മൃദുലവസ്ത്രം അതു ധരിക്കുന്നവന് മിക്കവാറും വിശുദ്ധരുടെ ഭാവം നല്കിയിരുന്നു. അയാൾ സ്വന്തം സമ്പത്സമൃദ്ധിയെ പ്രദർശിപ്പിക്കാൻ ശീലമായിട്ടുള്ളവനായിരുന്നുവെന്നതു വ്യക്തമാണ്. അത് അയാൾ എല്ലാ ദിവസവും പ്രദർശിപ്പിക്കുകയും ചെയ്തു. അയാൾ "എന്നും സുഭിക്ഷമായി ഭക്ഷിച്ച് ആനന്ദിക്കുകയും ചെയ്തിരുന്നു" (cf വാ.19) അയാളിൽ പാപംകൊണ്ടുള്ള ഭൂഷണത്തെ നമുക്കു നാടകീയമായി കാണാൻ കഴിയും. അത് അനുക്രമമായ മൂന്നു ഘട്ടങ്ങളിലൂടെ പുരോഗമിക്കുന്നു. ധനമോഹം, പൊള്ളയായ സ്വയം ആത്മാഭിമാനം, അഹങ്കാരം എന്നിവയാണ് ആ ഘട്ടങ്ങൾ (cf Homily, 20 Sept. 2013).

വിശുദ്ധ പൗലോസ് അപ്പസ്തോലൻ ഇങ്ങനെ പഠിപ്പിക്കുന്നു: "ധനമോഹമാണ് എല്ലാ തിന്മകളുടെയും അടിവേര്" (1 തിമോ 6:10). അതാണ് അഴിമതിയുടെ കാരണം, അസൂയ, മത്സരം, സംശയം എന്നിവയുടെ ഉറവിടവും അതാണ്. പണത്തിന് നമ്മുടെമേൽ ആധിപത്യം പുലർത്താൻ കഴിയും. സ്വേഛാധിപത്യപരമായ വിഗ്രഹമായിത്തീരാൻപോലും കഴിയും (cf സുവിശേഷത്തിന്റെ സന്തോഷം 55). നന്മചെയ്യാനും മറ്റുള്ളവരുമായുള്ള ഐക്യദാർഢ്യം കാണിക്കാനും നമ്മെ സേവിക്കുന്ന ഒരു ഉപകരണമായിരിക്കേണ്ടതാണു പണം. പക്ഷേ അത് അതിനുപകരം നമ്മെയും മുഴുവൻ ലോകത്തെയും സ്നേഹിക്കാൻ ഇടം തരാത്തതും സമാധാനത്തെ തടയുന്നതുമായ സ്വാർത്ഥതയുടെ യുക്തിയിൽ കെട്ടിയിടും.



അങ്ങനെ സമ്പന്നനെ അയാളുടെ അത്യാഗ്രഹം ശൂന്യനാക്കുന്നുവെന്ന് ഈ ഉപമ കാണിച്ചുതരുന്നു. അയാളുടെ വ്യക്തിത്വം തനിക്ക് എന്തുചെയ്യാൻ കഴിയുമെന്ന് മറ്റുള്ളവരെ കാണിക്കുന്നതിൽ, പ്രദർശനങ്ങളിൽ, പ്രകാശിപ്പിക്കപ്പെടുന്നു. എന്നാൽ അയാളുടെ ബാഹ്യശോഭ അയാളുടെ ആന്തരികശൂന്യതയെ മറച്ചുവയ്ക്കുന്നു. അയാളുടെ ജീവിതം ബാഹ്യപ്രകടനത്തിന്റെ തടവുകാരനാണ്, അസ്തിത്വത്തിന്റെ ഏറ്റവും ഉപരിപ്ലവവും ക്ഷണഭംഗുരവുമായ വശങ്ങളുടെ തടവുകാരനാണ് (cf ibid, 62).

അയാളുടെ ധാർമ്മികാധഃപതനത്തിന്റെ ഏറ്റവും അടിയിലെ ചവിട്ടുപടി അഹങ്കാരമാണ്. സമ്പന്നനായ ആ മനുഷ്യൻ രാജാവിനെപ്പോലെ വേഷങ്ങൾ അണിയുന്നു, ഒരു ദൈവത്തെപ്പോലെ പെരുമാറുന്നു. കേവലം മരണമുള്ളവനാണ് താനെന്ന് അയാൾ മറക്കുന്നു. സമ്പത്തിനോടുള്ള സ്നേഹത്താൽ ജീർണിച്ചവർക്ക് അവരുടെ തന്നെ അഹംഭാവമല്ലാതെ മറ്റൊന്നുമില്ല. തങ്ങൾക്കു ചുറ്റുമുള്ളവരെ അവർ കാണുന്നില്ല. പണത്തോടുള്ള ഒട്ടിച്ചേരൽ ഒരുതരം അന്ധതയാണ്. വിശന്നും മുറിവേറ്റും തന്റെ വാതിൽപ്പടിക്കൽ കിടക്കുന്ന ദരിദ്രനെ സമ്പന്നൻ കാണുന്നേയില്ല.

ഈ കഥാപാത്രത്തിലേക്കു നോക്കുമ്പോൾ നമുക്കു മനസ്സിലാകും എന്തുകൊണ്ടാണ് സുവിശേഷം ഇത്ര കർക്കശമായി ദ്രവ്യാഗ്രഹത്തെ ശപിക്കുന്നതെന്ന്: "രണ്ട് യജമാനന്മാരെ സേവിക്കാൻ ആർക്കും കഴിയുകയില്ല. ഒന്നുകിൽ ഒരുവനെ ദ്വേഷിക്കുകയും അപരനെ സ്നേഹിക്കുകയും ചെയ്യും; അല്ലെങ്കിൽ ഒരുവനെ ബഹുമാനിക്കുകയും അപരനെ നിന്ദിക്കുകയും ചെയ്യും. ദൈവത്തെയും മാമ്മോനെയും ഒരേസമയം സേവിക്കാൻ നിങ്ങൾക്കു സാധിക്കുകയില്ല" (മത്താ 6:24).

**3. വചനം ഒരു ദാനമാണ്**

സമ്പന്നനെയും ലാസറിനെയും കുറിച്ചുള്ള സുവിശേഷം ഈസ്റ്ററിനായി നന്നായിട്ട് ഒരുങ്ങാൻ നമ്മെ സഹായിക്കുന്നു. വിഭൂതി ബുധനാഴ്ചയിലെ ലിറ്റർജി സമ്പന്നന്റേതിനോടു തികച്ചും സമാനമായ ഒരനുഭവത്തിലേക്കു നമ്മെ ക്ഷണിക്കുന്നുണ്ട്. വൈദികർ തലയിൽ ചാരം പുരട്ടുമ്പോൾ ഈ വാക്കുകൾ ആവർത്തിക്കുന്നു: "നീ പൊടിയാണെന്നും പൊടിയിലേക്കു പിന്തിരിയുമെന്നും ഓർക്കുക." സമ്പന്നനും ദരിദ്രനും മരിച്ചു. ആ ഉപമയിലെ വലിയ ഭാഗവും സംഭവിക്കുന്നത് മരണാനന്തരജീവിതത്തിലാണ്. രണ്ടു കഥാപാത്രങ്ങളും ഒരു വസ്തുത പെട്ടെന്ന് തിരിച്ചറിയുന്നു. "നാം ഈ ലോകത്തിലേക്ക് ഒന്നും കൊണ്ടു

വന്നില്ല. ഇവിടെ നിന്ന് ഒന്നും കൊണ്ടുപോകാനും നമുക്കു സാധിക്കുകയില്ല" എന്നതാണ് ആ വസ്തുത.

മരണാനന്തരജീവിതത്തിൽ എന്തു സംഭവിക്കുന്നുവെന്നും നമ്മൾ കാണുന്നു. സമ്പന്നൻ അവസാനം അബ്രാഹത്തോടു സംസാരിക്കുന്നു. അബ്രാഹത്തെ അയാൾ "പിതാവേ" എന്നു വിളിക്കുന്നു (ലൂക്കാ 16:24-27). താൻ ദൈവജനത്തിലെ അംഗമാണെന്ന് സൂചിപ്പിക്കാനാണത്. ഈ വിശദീകരണം അയാളുടെ ജീവിതത്തെ കൂടുതൽ വൈരുദ്ധ്യമുള്ളതാക്കുന്നു. കാരണം ആ നിമിഷംവരെ തനിക്ക് ദൈവത്തോടുള്ള ബന്ധം അയാൾ സൂചിപ്പിച്ചിട്ടില്ല. യഥാർത്ഥത്തിൽ അയാളുടെ ജീവിതത്തിൽ ദൈവത്തിന് സ്ഥാനമുണ്ടായിരുന്നില്ല. അയാളുടെ ഏക ദൈവം അയാളായിരുന്നു.

മരണാനന്തര ജീവിതത്തിലെ പീഡനങ്ങൾക്കിടയിൽ മാത്രമാണ് ആ സമ്പന്നൻ ലാസറിനെ തിരിച്ചറിയുന്നത്. തന്റെ സഹനം കുറയ്ക്കാൻ ആ ദരിദ്രൻ ഒരു തുള്ളി വെള്ളം കൊടുക്കണമെന്ന് അയാൾ ആഗ്രഹിക്കുന്നു. അയാൾക്ക് ചെയ്യാൻ കഴിയുമായിരുന്നതും എന്നാൽ ഒരിക്കലും ചെയ്യാതിരുന്നതുമായ ഒരു കാര്യത്തോടു സമാനമായ ഒരു കാര്യമാണ് ലാസറിനോട് അയാൾ ഇപ്പോൾ ആവശ്യപ്പെടുന്നത്. അബ്രാഹം സമ്പന്നനോടു പറയുന്നു: "മകനേ, നീ ഓർമ്മിക്കുക, നിനക്ക് ജീവിതകാലത്ത് എല്ലാ സുഖസൗകര്യങ്ങളും ലഭിച്ചിരുന്നു. ലാസറിനോ കഷ്ടതകളും. ഇപ്പോൾ അവൻ ഇവിടെ ആനന്ദിക്കുകയും നീ വേദന അനുഭവിക്കുകയും ചെയ്യുന്നു" (വാക്യം 25). സമ്പന്നൻ പറഞ്ഞ തടസ്സവാദങ്ങളെ എല്ലാം എതിർത്തുകൊണ്ട് അബ്രാഹം പറയുന്നു: "മോശയും പ്രവാചകന്മാരും പറയുന്നത് അവർ കേൾക്കുന്നില്ലെങ്കിൽ മരിച്ചവരിൽ നിന്ന് ഒരുവൻ ഉയിർത്താലും അവർക്ക് ബോധ്യമാകുകയില്ല" (വാക്യം 31).

അങ്ങനെ, സമ്പന്നന്റെ യഥാർത്ഥപ്രശ്നം വെളിവാകുന്നു. ദൈവവചനം കേൾക്കുന്നതിൽ പരാജയപ്പെട്ടു എന്നതാണ് അയാളുടെ എല്ലാ കഷ്ടതകളുടെയും അടിസ്ഥാനം. ദൈവത്തിന്റെ വചനം കേൾക്കാത്തതിന്റെ ഫലമായി അയാൾ ദൈവത്തെ ഒട്ടും സ്നേഹിച്ചില്ല. അയൽക്കാരനെ കൂടുതൽ കൂടുതൽ പുച്ഛിക്കുകയും ചെയ്തു. ദൈവവചനം സജീവവും സുശക്തവുമാണ്; ഹൃദയങ്ങളെ മാനസാന്തരപ്പെടുത്താനും അവയെ ദൈവത്തിലേക്ക് തിരിച്ചുകൊണ്ടുചെല്ലാനും കഴിവുള്ളതാണ്. നമ്മൾ ദൈവവചനമാകുന്ന ദാനത്തിനെതിരേ ഹൃദയവാതിൽ അടയ്ക്കുമ്പോൾ നമ്മുടെ സഹോദരീസഹോദരന്മാരാകുന്ന ദാനത്തിനെതിരേ ഹൃദയവാതിൽ അടയ്ക്കുകയാണ്.



പ്രിയസുഹൃത്തുക്കളേ, ക്രിസ്തുവായുമുള്ള നമ്മുടെ ബന്ധം പുതുക്കാൻ, അവിടത്തെ വചനത്തിലും കൂദാശകളിലും നമ്മുടെ അയൽക്കാരിലും ജീവിച്ചുകൊണ്ട് അവിടന്നുമായുള്ള നമ്മുടെ ബന്ധം പുതുക്കാൻ, അനുകൂലമായ കാലമാണ് നോമ്പുകാലം. നാല്പതുദിവസത്തെ ഉപവാസകാലത്ത് പ്രലോഭകന്റെ വഞ്ചനകളെ കീഴടക്കിയ കർത്താവ്, നമ്മൾ സഞ്ചരിക്കേണ്ട വഴി കാണിച്ചുതരുന്നു.

മാനസാന്തരത്തിലേക്കുള്ള യഥാർത്ഥ യാത്രയിൽ പരിശുദ്ധാത്മാവ് നമ്മെ നയിക്കാൻ ഇടയാകട്ടെ. അങ്ങനെ ദൈവവചനമാകുന്ന ദാനം തിരിച്ചറിയാനും നമ്മെ കുരുടന്മാരാക്കുന്ന പാപത്തിൽ നിന്ന് വിശുദ്ധീകരിക്കപ്പെട്ടവരാകാനും ആവശ്യത്തിൽപ്പെട്ട നമ്മുടെ സഹോദരീസഹോദരന്മാരിൽ സന്നിഹിതനായിരിക്കുന്ന ക്രിസ്തുവിനുവേണ്ടി സേവനം ചെയ്യാനും നമുക്കു കഴിയട്ടെ.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സഭാപരമായ സംഘടനകൾ നടത്തുന്ന നോമ്പുകാല ക്യാമ്പെയ്നുകളിൽ പങ്കുചേർന്നുകൊണ്ടും അങ്ങനെ നമ്മുടെ ഏക മനുഷ്യകുടുംബത്തിൽ കണ്ടുമുട്ടലിന്റെ സംസ്കാരത്തെ അനുകൂലിച്ചുകൊണ്ടും ഈ ആധ്യാത്മിക നവീകരണത്തോട് വിശ്വസ്തത കാണിക്കാൻ ഞാൻ എല്ലാ വിശ്വസികളെയും പ്രോത്സാഹിപ്പിക്കുന്നു. നമുക്ക് ഓരോരുത്തർക്കും പരസ്പരം പ്രാർത്ഥനാസഹായം നല്കാം. അങ്ങനെ ക്രിസ്തുവിന്റെ വിജയത്തിൽ പങ്കുചേർന്നുകൊണ്ട് ദുർബലർക്കും ദരിദ്രർക്കുമായി നമ്മുടെ വാതിലുകൾ തുറക്കാം. അപ്പോൾ ഈസ്റ്ററിന്റെ സന്തോഷം അനുഭവിക്കാനും അതിൽ പൂർണമായി പങ്കുചേരാനും നമുക്കു കഴിയും.

വത്തിക്കാനിൽ നിന്ന്, 18 ഒക്ടോബർ 2016

**ഫ്രാൻസിസ് മാർപാപ്പാ**

Ref: 3005/K-5/KCBC/OL/DS 15.2.2017

## മാർച്ച് 4 - ഫാ. ടോം ഉഴുന്നാലിൽ SDB ബന്ദിയാക്കപ്പെട്ടതിന്റെ വാർഷിക ദിനാചരണം

യേശുവിൽ സഹോദരീസഹോദരന്മാരേ,

ഇന്ന് ലോകത്തിന്റെ വിവിധഭാഗങ്ങളിൽ, പ്രത്യേകിച്ചും മധ്യപൂർവരാജ്യങ്ങളിൽ, ക്രൈസ്തവ സഹോദരങ്ങൾ അതിക്രൂരമായി പീഡിപ്പിക്കപ്പെട്ടുകൊണ്ടിരിക്കുകയാണെന്നുള്ള വസ്തുത എല്ലാവർക്കും അറിവുള്ളതാണല്ലോ. പരിശുദ്ധപിതാവ് ഫ്രാൻസിസ്

പാപ്പായും ആഗോളസഭയും നാൾക്കുനാൾ വർധിച്ചുവരുന്ന ക്രൈസ്തവ പീഡനങ്ങളിൽ വളരെയധികം ഉത്ക്കണ്ഠാകുലരാണ്. യുദ്ധവും കലഹവും മൂർധന്യാവസ്ഥയിൽ എത്തിനില്ക്കുന്ന സിറിയ, യമൻ മുതലായ രാജ്യങ്ങളിൽ ഏറ്റവുമധികം നിഷ്ഠൂരമായി കൊലയ്ക്കും മൃഗീയമായ പീഡനങ്ങൾക്കും ഇരകളായിക്കൊണ്ടിരിക്കുന്നത് ആ രാജ്യങ്ങളിലെ ക്രൈസ്തവ സഹോദരങ്ങളാണ്.

ലോകമനസ്സാക്ഷിയെയും അതിലുപരിയായി, ഇന്ത്യയിലെ ക്രൈസ്തവ സമൂഹത്തെയും അതിയായി നടുക്കിയ ദാരുണ സംഭവമാണല്ലോ യമൻ എന്ന രാജ്യത്തെ ഏദനിൽ മദർ തെരേസ സഹോദരികൾ നടത്തിവന്നിരുന്ന അഗതി മന്ദിരത്തിൽ ഭീകരർ നടത്തിയ ആക്രമണം. 2016 മാർച്ച് 4-ാം തീയതി ഇന്ത്യൻ സമയം രാവിലെ 8.45-ന് നടത്തിയ ഭീകരാക്രമണത്തിന് ഇരയായത് 4 മദർതെരേസ സഹോദരികളും അവരുടെ 12 ജോലിക്കാരുമാണ്. ഏദനിലെ പള്ളി വികാരിയും സിസ്റ്റേഴ്സിന്റെയും പ്രവാസി കത്തോലിക്കരുടെയും ആത്മീയ പിതാവുമായ സലേഷ്യൻ വൈദികൻ ബഹു. ടോം ഉഴുന്നാലിൽ അച്ചനെ പരിശുദ്ധ കുർബാനയ്ക്കുശേഷം പ്രാർത്ഥിച്ചുകൊണ്ടിരിക്കേ സിസ്റ്റേഴ്സിന്റെ ചാപ്പലിൽനിന്ന് തീവ്രവാദികൾ തട്ടിക്കൊണ്ടുപോകുകയും ചെയ്തു.

യമനിലെ സഭകളുടെ ചുമതലയുള്ള അബുദാബി ബിഷപ്പ് അഭിവന്ദ്യ പോൾ ഹിൻഡർ പിതാവ് ഈ സംഭവം നടന്ന ഉടൻ തന്നെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായെ അറിയിക്കുകയും പരിശുദ്ധ പിതാവ് നുൺഷ്യോവഴി യു.എ.ഇ. ഗവൺമെന്റിനോട് ഭീകരാക്രമണത്തിൽനിന്ന് അത്ഭുതകരമായി രക്ഷപ്പെട്ട സി. സാലിയെ അവിടെ നിന്ന് രക്ഷപ്പെടുത്താനും ടോമച്ചന്റെ മോചനത്തിനായുമുള്ള എല്ലാ നടപടികളും സ്വീകരിക്കണമെന്നും അഭ്യർത്ഥിക്കുയുണ്ടായി. അതിൻപ്രകാരം സി. സാലിയെ സംഭവസ്ഥലത്തുനിന്ന് രക്ഷപ്പെടുത്തി സുരക്ഷിത സ്ഥലത്ത് എത്തിക്കുകയും, തുടർന്ന് അവരുടെ ജോർദ്ദാനിലെ കോൺവെന്റിലേക്ക് മാറ്റുകയും ചെയ്തു.

ടോമച്ചന്റെ മോചനത്തിനായി പ്രാർത്ഥനകളും മറ്റെല്ലാ ശ്രമങ്ങളും വിവിധ തലങ്ങളിൽ ഗവൺമെന്റും സഭയും നടത്തിക്കൊണ്ടിരിക്കുകയാണല്ലോ. എങ്കിലും ഇതുവരെയും അദ്ദേഹത്തെക്കുറിച്ച് മാധ്യമങ്ങളിൽ വരുന്ന വിവരങ്ങൾക്കുപരിയായി വ്യക്തമായ ഒരു ധാരണയും ഇല്ലായെന്നത് ഏറെ വേദനാജനകമാണ്. അദ്ദേഹത്തിന്റെ മോചനത്തിനായി ഇന്ത്യൻ ഗവൺമെന്റും യു.എ.ഇ. ഗവൺമെന്റും വത്തിക്കാനും ഭാരതസഭയും സലേഷ്യൻ കോൺഗ്രിഗേഷനും കൂട്ടായ ശ്രമങ്ങൾ നടത്തിവരികയാണ്. സി.ബി.സി.ഐ.-യുടെ നേതൃത്വത്തിൽ ഇന്ത്യൻ സഭാ



സമൂഹവും ടോമച്ചൻ അംഗമായുള്ള സലേഷ്യൻ സഭയുടെ ബാംഗ്ലൂർ പ്രോവിൻസും ഗവൺമെന്റുമായി നിരന്തരം ബന്ധപ്പെട്ട് പ്രധാനമന്ത്രി, വിദേശകാര്യമന്ത്രി, മുഖ്യമന്ത്രി എന്നിവരുമായി നിരന്തരമായ കൂടിക്കാഴ്ചകൾ നടത്തി എത്രയും വേഗം അച്ചന്റെ മോചനം ഉറപ്പാക്കാൻ അഭ്യർത്ഥിക്കുകയുണ്ടായി. എല്ലാ നടപടികളും സ്വീകരിച്ചുകൊണ്ടിരിക്കുന്നതായി അവർ ഉറപ്പ് നല്കുകയും ചെയ്തുകൊണ്ടിരിക്കുന്നു.

ഈ വരുന്ന മാർച്ച് മാസം 4-ാംതീയതി ടോമിച്ചൻ ബന്ദിയാക്കപ്പെട്ടിട്ട് ഒരുവർഷം തികയുകയാണ്. നമ്മുടെ ഭാഗത്തു നിന്ന് അച്ചന്റെ മോചനത്തിനായി എല്ലാ ശ്രമങ്ങളും ഊർജിതപ്പെടുത്തേണ്ടിയിരിക്കുന്നു. ആയതിനാൽ മാർച്ച് 4-ാം തീയതി ഏറ്റവും ഉചിതമായി അനുസ്മരിക്കുവാനായി കേരള കത്തോലിക്കാസഭ എടുത്ത തീരുമാനങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്.

കേരള ക്രൈസ്തവ സഭയുടെ നേതൃത്വത്തിൽ മാർച്ച് 4-ന് വൈകുന്നേരം 5 മണിക്ക് എറണാകുളം ടൗൺ ഹാളിൽ വച്ച് പ്രാർത്ഥനാസമ്മേളനവും അനുസ്മരണ കൂട്ടായ്മയും നടത്താൻ തീരുമാനിച്ചിരിക്കുന്നു. അന്നേദിവസം എല്ലാ ഇടവകകളിലും ടോം അച്ചന്റെ മോചനത്തിനായി പ്രാർത്ഥനാശുശ്രൂഷ നടത്തണമെന്ന് അഭ്യർത്ഥിക്കുന്നു. എറണാകുളം ടൗൺ ഹാളിൽ സംഘടിപ്പിക്കുന്ന പ്രാർത്ഥനയിലും യോഗത്തിലും വൈദികരും സന്ന്യസ്തരും, വിശ്വാസികളും, പ്രത്യേകിച്ച് അടുത്ത പ്രദേശങ്ങളിൽ നിന്നുമുള്ളവർ, പങ്കെടുക്കണമെന്നും അഭ്യർത്ഥിക്കുന്നു.

ഏവർക്കും ദൈവാനുഗ്രഹം നേർന്നുകൊണ്ട്,

**ആർച്ചുബിഷപ് മോസ്റ്റ് റവ. ഡോ. എം. സൂസ പാക്യം**
പ്രസിഡന്റ്, കെ.സി.ബി.സി.

Ref: 2999/K 35/OL/KCBC/DS 3.1.2017

## മദ്യവിരുദ്ധ ഞായർ, 12 മാർച്ച് 2017

## കെസിബിസി മദ്യവിരുദ്ധ സമിതി പുറപ്പെടുവിക്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയപ്പെട്ടവരേ,

കേരള കത്തോലിക്കാസഭ 2017 മാർച്ച് 12-ാം തീയതി മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണ്. സഭയിലും സമൂഹത്തിലും ലഹരിക്കെതിരായ പോരാട്ടം കൂടുതൽ ജാഗ്രതയോടെ ശക്തമാക്കുവാനുള്ള

സന്ദേശമാണ് മദ്യവിരുദ്ധ ഞായർ ആചരണത്തിലൂടെ കേരളകത്തോലിക്കാസഭ നൽകാൻ ആഗ്രഹിക്കുന്നത്. മനുഷ്യനന്മ ലക്ഷ്യം വച്ചുള്ള പ്രവർത്തനങ്ങൾ എന്നും സഭയുടെ മുഖമുദ്രയാണ്. കേരള സമൂഹത്തിന്റെ വിദ്യാഭ്യാസ ആരോഗ്യമേഖലകളിലും മറ്റു സാമൂഹിക നവോത്ഥാന രംഗങ്ങളിലും മാറ്റത്തിന്റെ ചാലകശക്തിയാകാൻ കേരള സഭയ്ക്ക് എന്നും കഴിഞ്ഞിട്ടുണ്ട്. നാടിന്റെ വികസന പ്രക്രിയയിൽ കാലത്തിനൊപ്പം നടക്കാൻ സഭ എന്നത്തേതുംപോലെ ഇന്നും പ്രതിജ്ഞാബദ്ധയാണ്. മദ്യത്തിനും മറ്റു ലഹരിവസ്തുക്കൾക്കുമെതിരെയുള്ള സന്ധിയില്ലാസമരം സാമൂഹ്യ നന്മയ്ക്കുവേണ്ടിയുള്ള നമ്മുടെ പ്രതിബദ്ധതയുടെ പ്രതിഫലനമാണ്. വരുംതലമുറയ്ക്കുവേണ്ടിയുള്ള സഭയുടെ ഏറ്റവും മഹത്തായ ഒരു കരുതൽ നടപടിയാണ് മദ്യത്തിനും ലഹരിയ്ക്കുമെതിരെയുള്ള ഈ സാമൂഹ്യ ഇടപെടൽ.

ആഴമേറിയ ആത്മീയതയും ഉന്നതമായ സംസ്കാരവും കേരള സമൂഹത്തിന്റെ മുഖമുദ്രയാണെന്നതിൽ നമ്മൾ അഭിമാനിക്കുന്നു. വിദ്യാഭ്യാസരംഗത്തും ആരോഗ്യരംഗത്തും അത്ഭുതാവഹമായ നേട്ടങ്ങളും സംഭാവനകളും കേരളത്തിനു സ്വന്തമാണ്. എന്നാൽ, കേരള സമൂഹം നേടിയെടുത്ത സൽപ്പേരിന്റെയും സൽമാതൃകകളുടെയും മേൽ കരിനിഴൽ വീഴ്ത്തി മദ്യ ലഹരി സംസ്കാരം ഇന്ന് ദൈവത്തിന്റെ സ്വന്തം നാടിന് അപമാനം സൃഷ്ടിക്കുന്നു. സമസ്ത സൃഷ്ടികളുടെയും മകുടമായി ദൈവം സൃഷ്ടിച്ച മനുഷ്യൻ തന്നെ നിയോഗിച്ചവന്റെ വിളി മറന്ന് മദ്യപാനത്തിലൂടെയും ലഹരി വസ്തുക്കളുടെ ഉപയോഗത്തിലൂടെയും നന്മയുടെ മുഖം നഷ്ടമാക്കുന്ന ദയനീയ സമകാലിക ചിത്രങ്ങൾ നമ്മെ നൊമ്പരപ്പെടുത്തുന്നതാണ്.

വലിയ നോമ്പിലെ മൂന്നാം ഞായറാഴ്ചയാണ് മദ്യവിരുദ്ധ ഞായറായി ആചരിച്ചു പോരുന്നത്. വിശുദ്ധ നോമ്പ് പ്രാർത്ഥനയുടെയും ഉപവാസത്തിന്റെയും നവീകരണത്തിന്റെയും കാലഘട്ടമാണ്. വ്യക്തിപരവും സമൂഹപരവുമായ ഒരു നവീകരണത്തിനാണ് നോമ്പുകാലം നമ്മെ ക്ഷണിക്കുന്നത്. മദ്യവും മയക്കുമരുന്നുകളും മറ്റ് ലഹരി വസ്തുക്കളും നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും സൃഷ്ടിക്കുന്ന ദുരന്തങ്ങൾ വളരെ ഭയാനകമാണ്. വ്യക്തിയെയും കുടുംബത്തെയും സമൂഹത്തെയും നശിപ്പിക്കുന്ന ഈ തിന്മകളിൽനിന്നും, പാപ സാഹചര്യങ്ങളിൽനിന്നും ഓടി അകലണമെന്ന് ഓരോ നോമ്പുകാലവും ആഹ്വാനം ചെയ്യുന്നു. മദ്യാസക്തി ദുർമോഹങ്ങളിലേയ്ക്ക് നയിക്കുന്നതാണെ



ന്നും അന്ധകാരത്തിന്റെ പ്രവൃത്തിയാണെന്നും തിരുവചനം നമ്മെ ഓർമ്മപ്പെടുത്തുന്നു (റോമ 13: 13-14). മദ്യപാനി ദൈവരാജ്യം അവകാശമാക്കുകയില്ല (1 കോറി. 6:10) എന്ന പൗലോസ് ശ്ലീഹായുടെ പ്രഖ്യാപനം തന്നെ മദ്യാസക്തി എന്ന തിന്മയുടെ ആഴം നമ്മെ ബോധ്യപ്പെടുത്തുന്നതാണ്. ജീവിത ബലഹീനതകളിൽ നിന്ന് അകന്ന് പ്രകാശത്തിന്റെ മക്കളാകുവാൻ തിരുസഭ നമ്മെ ക്ഷണിക്കുന്ന ഈ നോമ്പുകാലം മദ്യമെന്ന തിന്മയ്ക്കെതിരെയുള്ള ആത്മീയ പോരാട്ടത്തിന്റെ അവസരമാക്കി മാറ്റാം.

രണ്ടു വർഷം മുമ്പ് അന്നത്തെ സർക്കാർ പ്രഖ്യാപിച്ച മദ്യനയത്തിന്റെ ഭാഗമായി പഞ്ചനക്ഷത്രബാറുകൾ ഒഴികെ മറ്റെല്ലാ മദ്യശാലകളും നിരോധിച്ചത് നമുക്ക് അറിവുള്ളതാണല്ലോ. 10 വർഷംകൊണ്ട് ഘട്ടംഘട്ടമായി നടപ്പിലാക്കുന്ന സമ്പൂർണ്ണ മദ്യനിരോധനമാണ് അന്ന് പ്രഖ്യാപിച്ചിരുന്നത്. അതിന്റെ ഭാഗമായി 10 ശതമാനം ബീവറേജ് കൺസ്യൂമർ ഔട്ട്ലറ്റുകൾ എല്ലാ വർഷവും ഗാന്ധിജയന്തി ദിനമായ ഒക്ടോബർ 2-ന് അടച്ചുപൂട്ടുവാനുള്ള നടപടിയും എടുത്തിരുന്നു. എന്നാൽ പുതിയ സർക്കാർ അധികാരത്തിൽ വന്നതോടെ മദ്യനിരോധനമല്ല മദ്യവർജ്ജനമാണ് സർക്കാർ നയമെന്ന് പ്രഖ്യാപിക്കുകയും പ്രതിവർഷം 10 ശതമാനം മദ്യശാലകൾ അടച്ചുപൂട്ടാനുള്ള തീരുമാനം റദ്ദാക്കുകയും ചെയ്യുകയുണ്ടായി. അതിനാൽത്തന്നെ മുൻസർക്കാർ പ്രഖ്യാപിച്ച സമ്പൂർണ്ണ മദ്യനിരോധനനയം നിലവിലുള്ള പുതിയ സർക്കാർ അട്ടിമറിക്കുമോ എന്ന ആശങ്ക നമുക്കുണ്ട്.

കേരളത്തിൽ നടപ്പിലാക്കി തുടങ്ങിയ ഭാഗിക മദ്യനിരോധനം വിജയമല്ല എന്ന് സ്ഥാപിക്കാൻ പലഭാഗത്തുനിന്ന് ശ്രമിക്കുന്നുണ്ടെങ്കിലും, മദ്യനിരോധനം വിജയമാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. പഞ്ചനക്ഷത്ര ബാറുകൾ ഒഴികെയുള്ള മദ്യശാലകൾ അടച്ചുപൂട്ടിയതോടെ മദ്യത്തിന്റെ ഉപഭോഗം ഗണ്യമായി കുറഞ്ഞിട്ടുണ്ട്. വിദേശമദ്യവില്പന 25% കുറഞ്ഞുവെന്നാണ് കണക്ക്. ലഹരി വിട്ടൊഴിഞ്ഞ മനുഷ്യരുടെ ജീവിതത്തിൽ ഗുണപരമായ മാറ്റങ്ങൾ സംഭവിച്ചുവെന്നത് പ്രകടമായ യാഥാർത്ഥ്യമാണ്. പോക്കറ്റിൽ സമ്പാദ്യം, ബന്ധങ്ങളിൽ ഊഷ്മളത, ആത്മാവിനും ശരീരത്തിനും ആരോഗ്യം, കുറ്റകൃത്യങ്ങൾ, റോഡപകടങ്ങൾ, വിവാഹമോചനങ്ങൾ, ആത്മഹത്യ എന്നിവയിൽ കുറവ് എന്നിങ്ങനെ കേരളത്തിന്റെ പൊതുസമൂഹം ഭാഗികമായ മദ്യനിരോധനത്തിന്റെ നന്മകൾ അനുഭവിച്ച് തുടങ്ങിയിരി

ക്കുന്നു. ഈ നന്മകൾ തുടരാനും കൂടുതൽ വളരാനുമുള്ള സാഹചര്യമാണ് നാം സൃഷ്ടിക്കേണ്ടത്. പ്രഖ്യാപിത മദ്യനയത്തിൽ നിന്നുള്ള തിരിച്ചുപോക്ക് ഈ നന്മകളെ തകർക്കുകയും വലിയ വിനാശത്തിന് വഴിതെളിക്കുകയും ചെയ്യും.

മദ്യനിരോധനം, മദ്യവർജ്ജനം എന്നീ രണ്ടുസമീപനങ്ങളിൽ ഏതാണ് സമൂഹത്തിൽ നന്മ ഉളവാക്കുന്നതും പ്രായോഗികവുമെന്ന് വ്യക്തമാണ്. മദ്യവർജ്ജനമെന്നത് ഒരു വ്യക്തി സ്വമേധയാ വ്യക്തിജീവിതത്തിൽ എടുക്കേണ്ട നിലപാടാണ്. അത് ഒരു നയമായി സർക്കാർ സ്വീകരിക്കേണ്ടതല്ല. അതേസമയം, ഒരു വ്യക്തിയല്ല, ജന നന്മ ലക്ഷ്യമാക്കി ജനങ്ങൾ തെരഞ്ഞെടുത്ത സർക്കാരാണ് മദ്യനിരോധനം നടപ്പിൽ വരുത്തേണ്ടത്. മദ്യത്തിന്റെ ഉല്പാദനം, സൂക്ഷിപ്പ്, വിതരണം എന്നിവ സംബന്ധിച്ച് നിയമനിർമ്മാണം നടത്താനും നിലവിലുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ നിയന്ത്രണമോ നിരോധനമോ ഏർപ്പെടുത്താനുള്ള അധികാരവും കടമയും ഉത്തരവാദിത്വവും ഉള്ളത് സർക്കാരിന് മാത്രമാണ്. ഇക്കാര്യത്തിൽ വ്യക്തമായ നയം സർക്കാരിന് ഉണ്ടായിരിക്കണം. മദ്യലഭ്യത കുറച്ചുകൊണ്ടുവരാൻ മദ്യനിയന്ത്രണം ആവശ്യമാണ്. അതിന് മദ്യവർജ്ജനം മാത്രം പോരാ. രാഷ്ട്രപിതാവായ ഗാന്ധിജി 'മദ്യവർജ്ജനമല്ല, നിരോധനം തന്നെവേണം' എന്ന് ഊന്നിപ്പറഞ്ഞിട്ടുണ്ട്. ഒരിക്കൽ ഒരു പത്രലേഖകൻ ഗാന്ധിജിയോട് ചോദിച്ചു. മദ്യപനെ ഉപദേശിച്ചു പിന്മാറ്റുകയല്ലേ നല്ലത്? ഗാന്ധിജിയുടെ മറുപടി ഇപ്രകാരമായിരുന്നു: 'നിങ്ങളുടെ കുട്ടി തീയിൽ ചാടുവാൻ പോകുകയാണെന്ന് വിചാരിക്കുക. നിങ്ങൾ എന്തുചെയ്യും? അവനെ ഉപദേശിച്ചു മാറ്റുവാൻ ശ്രമിക്കുമോ അതോ ഓടിച്ചെന്ന് ബലം പ്രയോഗിച്ച് പിന്മാറ്റുമോ?" മദ്യം തിന്മയെന്ന് ബോധ്യമുണ്ടെങ്കിൽ മദ്യനിരോധനം തന്നെ വേണമെന്നാണ് ഗാന്ധിജി പറഞ്ഞുവച്ചത്. മദ്യവർജ്ജനം മാത്രം മതി എന്ന സമീപനം കേരളത്തിൽ എത്രമാത്രം പ്രായോഗികമാണെന്ന് സംശയിക്കണം. മദ്യാസക്തമായ ഒരു സമൂഹത്തിൽ മദ്യത്തിന്റെ ലഭ്യതയിലും ഉപയോഗത്തിലും സർക്കാർ ഏർപ്പെടുത്തുന്ന നിയന്ത്രണമാണ് മദ്യവർജ്ജനത്തിലേയ്ക്കുള്ള ഒരു സുപ്രധാന കാൽവെപ്പ്. മദ്യനിരോധനത്തിലൂടെയും ബോധവൽക്കരണ കർമ്മപദ്ധതികളിലൂടെയും സമൂഹത്തിലെ ഓരോ വ്യക്തിയും മദ്യവർജ്ജനമെന്ന നന്മയിലേക്ക് എത്തിച്ചേരണം. അതാണ് ഫലപ്രദവും പ്രായോഗികവുമായ മദ്യനയം.



വളരെക്കാലമായി ഗുജറാത്തിൽ മദ്യനിരോധനം ഫലപ്രദമായി നടപ്പിലാക്കിയിട്ടുണ്ട്. ജനക്ഷേമപദ്ധതികൾ ഫലംകാണാത്ത പശ്ചാത്തലത്തിൽ ബീഹാറിലും സമ്പൂർണ്ണ മദ്യനിരോധനം സർക്കാർ നയമായി പ്രഖ്യാപിച്ച് നടപ്പിലാക്കി കഴിഞ്ഞു. തമിഴ്നാട്ടിലും ഭാഗിക മദ്യനിരോധനമുണ്ട്. വേണ്ടത്ര രാഷ്ട്രീയ ഇച്ഛാശക്തിയുണ്ടെങ്കിൽ ഏത് തീരുമാനവും ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിയും. കൊലപാതകം ശിക്ഷാർഹമായ കുറ്റമാണ്. കൊലപാതകിക്ക് തക്കശിക്ഷ നല്കിയിട്ടും കൊലപാതകം കുറയുന്നില്ല എന്നതുകൊണ്ട് പ്രസ്തുതനിയമം പ്രായോഗികമല്ലെന്ന് പറഞ്ഞ് ശിക്ഷ ഒഴിവാക്കി ബോധവത്ക്കരണം മതിയെന്നുവച്ചാൽ എന്താകും സ്ഥിതി. ഒരു നിരോധന നിയമവും പൂർണ്ണമായി സ്വാഗതം ചെയ്യപ്പെടണമെന്നില്ല. ആദ്യഘട്ടത്തിൽ പൂർണ്ണമായ ഫലം കിട്ടിയെന്നും വരില്ല. അതുകൊണ്ട് അപ്രയോഗികമാണ് എന്നവാദം ഉയർത്തുന്നത് യുക്തിക്ക് നിരക്കുന്നതല്ല.

ജനാധിപത്യ സംവിധാനത്തിൽ ഒരു രാജ്യത്തെ ജനതയുടെ ക്ഷേമത്തിനാണ് ഭരണാധികാരികൾ പ്രാധാന്യം കൊടുക്കേണ്ടത്. രാജ്യത്തിന്റെ ധാർമ്മിക നിലവാരം കാത്തുസൂക്ഷിക്കുവാനുള്ള ഉത്തരവാദിത്വം ജനങ്ങൾ തെരഞ്ഞെടുത്ത സർക്കാരിനാണ്. ഇക്കാര്യം ബന്ധപ്പെട്ടവർ വിസ്മരിക്കരുത്. ജനങ്ങളുടെ ആരോഗ്യവും ജീവിത നിലവാരവും സംരക്ഷിക്കുവാൻ ജാഗ്രതയുണ്ടാകേണ്ട രാഷ്ട്രീയ നേതൃത്വവും ഭരണാധികാരികളും മദ്യനയത്തിൽ വ്യക്തമായ നിലപാട് സ്വീകരിക്കണം. സമൂഹത്തിലെ പാവപ്പെട്ടവരുടെയും സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും സമാധാനവും സുസ്ഥിതിയും ഉറപ്പാക്കാൻ സർക്കാരിന് പ്രത്യേക കടമയുണ്ട്. അത് ഒരു സർക്കാരും മറക്കരുത്.

ലഹരിവിരുദ്ധ ബോധവത്കരണപരിപാടികളുടെ അടിസ്ഥാനം ലഹരി തിന്മയാണ് എന്ന ബോധ്യമാണ്. ലഹരിക്കെതിരെ കേരളത്തെ സജ്ജമാക്കുന്നതിൽ നിലവിലെ സർക്കാർ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്ന ബോധവത്കരണ പരിപാടികളെ നമ്മൾ സ്വാഗതം ചെയ്യുന്നു. മദ്യപിച്ച് നശിച്ചുകൊണ്ടിരിക്കുന്ന ഒരു സമൂഹത്തിന്റെ ദയനീയാവസ്ഥ തിരിച്ചറിഞ്ഞ് ഒരാളും ഇനി ലഹരിയുടെ കെണിയിൽ വീഴരുത് എന്ന ലക്ഷ്യത്തോടെയുള്ള കർമ്മപദ്ധതികളാണ് പ്രോത്സാഹിപ്പിക്കപ്പെടേണ്ടത്. ലഹരിവിമുക്തമായ ഒരു സമൂഹത്തെ ലക്ഷ്യംവച്ച് നമ്മൾ പ്രവർത്തനനിരതരാകണം. ലഹരിക്കെതിരായ പോരാട്ടത്തിൽ ഒരിക്കലും അലസത കടന്നുവരരുത്. ഒരു സമൂഹവും അതിലൂടെ വരും

തലമുറയും നാശത്തിലേക്ക് വഴുതി വീഴുമ്പോൾ നിഷ്ക്രിയരായി നിൽക്കുന്ന അവസ്ഥ ഇനി നമുക്കുണ്ടാകരുത്.

ഇതോടൊപ്പം ശ്രദ്ധയോടെ തിരിച്ചറിയേണ്ട മറ്റൊരു വസ്തുതയുണ്ട്. പുതിയ തലമുറ മദ്യത്തിൽനിന്ന് ഇതരലഹരിവസ്തുക്കളിലേയ്ക്ക് നീങ്ങുന്ന ദുരവസ്ഥ രൂപപ്പെട്ടുകൊണ്ടിരിക്കുന്നു. സാമൂഹ്യവിരുദ്ധരിലൂടെയും ഇതര സംസ്ഥാനത്തു നിന്നുള്ളവരിലൂടെയും മയക്കുമരുന്നു ശൃംഖല ഇന്ന് വ്യാപിച്ചു വരികയാണ്. ധാരാളം യുവജനങ്ങൾ ഇന്ന് ഏതെങ്കിലും തരത്തിലുള്ള ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നതായി ഇതുമായി ബന്ധപ്പെട്ട് നടത്തിയ പഠനങ്ങൾ വെളിപ്പെടുത്തുന്നു. സുഹൃത്തുക്കളുടെ സ്വാധീനം, പരീക്ഷിച്ചറിയുവാനുള്ള ആകാംക്ഷ, ജീവിത പ്രശ്നങ്ങൾ, ലഹരിയുടെ ദോഷത്തെക്കുറിച്ചുള്ള അജ്ഞത, ലഹരി വസ്തുക്കളുടെ സംലഭ്യത തുടങ്ങിയ കാരണങ്ങൾ ലഹരിയിലേയ്ക്ക് യുവജനങ്ങളെ നയിക്കുന്നുണ്ട്. മദ്യത്തെക്കാൾ ഭീകരമാണ് മയക്കുമരുന്നുകൾ. ഒരുതവണ ഉപയോഗിച്ചാൽ പോലും ഒരു വ്യക്തി മയക്കുമരുന്നിന് അടിമയാകാൻ സാധ്യതയേറെയാണ്. മയക്കുമരുന്നു വ്യാപനത്തിനെതിരെ ജാഗ്രത പുലർത്താനും കർശനമായ നിയമനടപടികളിലൂടെ അതിനെ നേരിടുവാനും കേരളസമൂഹം അടിയന്തര നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു.

ദേശീയ സംസ്ഥാന പാതയോരങ്ങളിൽ പ്രവർത്തിക്കുന്ന മദ്യശാലകൾ നിരോധിച്ചുകൊണ്ടുള്ള സുപ്രീം കോടതി വിധി വലിയ പ്രതീക്ഷ നൽകുന്നുണ്ട്. ചരിത്രപരമായ ഒരു വിധിയാണിത്. ഓരോ വർഷവും റോഡപകടംമൂലം ഒന്നര ലക്ഷത്തിലേറെ പേർ മരിക്കുന്നുണ്ട് എന്നാണ് കണക്കുകൾ പറയുന്നത്. ഇതിന് മുഖ്യകാരണം ദേശീയ സംസ്ഥാന പാതയോരങ്ങളിലെ മദ്യശാലകളാണെന്ന കണ്ടെത്തലാണ് ഈ വിധി പുറപ്പെടുവിക്കാൻ പ്രധാന കാരണം. ദേശീയ സംസ്ഥാന പാതയോരങ്ങളിലെ മദ്യശാലകൾ നിറുത്തലാക്കുകയോ അഞ്ഞൂറ് മീറ്റർ ഉള്ളിലേയ്ക്ക് മാറ്റിസ്ഥാപിക്കുകയോ ചെയ്യണമെന്നാണ് കോടതി വിധി. 2017 മാർച്ച് 31-നുള്ളിൽ വിധി നടപ്പാക്കി, സംസ്ഥാന ചീഫ് സെക്രട്ടറിമാർ റിപ്പോർട്ട് നൽകണമെന്നാണ് കോടതി ഉത്തരവ്. ദേശീയ സംസ്ഥാന പാതയോരങ്ങളിൽ മദ്യവില്പനശാലകളുടെ ബോർഡുകൾ പ്രദർശിപ്പിക്കരുതെന്നും നിലവിലുള്ളവ ഉടൻ നീക്കം ചെയ്യണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ജനനന്മയെ കരുതിയുള്ള വിധിയാണിത്. പൊതുജനം ആഗ്രഹിച്ചതും പ്രതീക്ഷിച്ചതുമായ മദ്യനിരോധനത്തിനും സംസ്ഥാന സർക്കാർ പറയുന്ന മദ്യവർജ്ജനത്തിനും സഹായകമാണിത്. കേരളത്തെ മദ്യത്തിന്റെ പിടിയിൽ നിന്ന് മോചിപ്പിക്കുവാനും കുടുംബസാമൂഹ്യ ജീവിതത്തിൽ മദ്യ ലഹരി സൃഷ്ടിക്കുന്ന ദുരന്തങ്ങൾ കുറയ്ക്കാനും ഈ വിധി സഹായകമാകും. മദ്യത്തിനെതിരെയുള്ള പോരാട്ടത്തിൽ അണിചേർന്ന എല്ലാവർക്കും ഈ സുപ്രീം കോടതി വിധി അഭിമാനത്തിന്റെയും ചാരിതാർത്ഥ്യത്തിന്റെയും നിമിഷങ്ങളാണ് സമ്മാനിക്കുന്നത്.



കേരളത്തിൽ മദ്യനിരോധന പ്രവർത്തനങ്ങളുടെ ചാലകശക്തിയായി പ്രവർത്തിച്ചുകൊണ്ട് ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സർക്കാരുകളെയും മറ്റ് പ്രസ്ഥാനങ്ങളെയും പ്രേരിപ്പിക്കുന്നതിൽ വലിയൊരു പങ്കുവഹിക്കാൻ കേരളസഭയ്ക്കും കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിക്കും സാധിച്ചിട്ടുണ്ട് എന്നത് യാഥാർത്ഥ്യമാണ്. കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ പ്രവർത്തനങ്ങൾ ഇടവക രൂപതാ തലങ്ങളിൽ കൂടുതൽ സജീവവും ഫലപ്രദവുമാക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ. മദ്യവിരുദ്ധ ഞായറിന് മുന്നോടിയായി വേണ്ട ഒരുക്കങ്ങൾ നടത്തുകയും ഈ ദിനം സമുചിതമായി ആചരിക്കുകയും വേണം. നമ്മുടെ ആഘോഷങ്ങളിൽ മദ്യം ഉണ്ടാവില്ല എന്ന പ്രതിജ്ഞ നാം എടുക്കണം. മദ്യവിരുദ്ധ ഞായറായി ആചരിക്കുന്ന മാർച്ച് 12-ാം തീയതി ദൈവാലയങ്ങളിൽ എടുക്കുന്ന സ്തോത്രക്കാഴ്ച രൂപതാ കേന്ദ്രങ്ങളിൽ എത്തിക്കുകയും മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്കായി ഓരോ രൂപതയിലെയും കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിക്ക് നൽകുകയും ചെയ്യുന്നത് ഉചിതമായിരിക്കും. കേരളസമൂഹത്തെ മദ്യ-ലഹരി വിമുക്തമാക്കുകയെന്ന വിശുദ്ധ ദൗത്യത്തിൽ നമുക്ക് ഓരോരുത്തർക്കും പങ്കാളികളാകാം. ഇതിനാവശ്യമായ ബോധ്യവും പ്രവർത്തനക്ഷമതയും നൽകി ഉത്തരവാദിത്വപ്പെട്ടവരെ അനുഗ്രഹിക്കണമേ എന്ന് പ്രാർത്ഥിക്കുകയും ചെയ്യാം.

സ്നേഹപൂർവ്വം,

**ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ**
(ചെയർമാൻ, കെസിബിസി മദ്യവിരുദ്ധസമിതി)

**ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധസമിതി)

**ബിഷപ് ക്രിസ്തുദാസ്**
(വൈസ് ചെയർമാൻ, കെസിബിസി മദ്യവിരുദ്ധസമിതി)

NB: 2017 മാർച്ച് 12-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യണം.

## രൂപതക്കച്ചേരി

### *C. 29 /2017* Care A Family Charitable Trust

ആദ്ധ്യാത്മിക-സാമൂഹിക-സാമ്പത്തിക മേഖലകളിൽ പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളെ സമുദ്ധരിക്കുക എന്ന ലക്ഷ്യത്തോടെ നമ്മുടെ രൂപതയിൽ ആരംഭിച്ചിരിക്കുന്ന Care A Family Charitable Trust -ന്റെ രൂപീകരണത്തിന്റെ ആദ്യഘട്ടങ്ങൾ പൂർത്തിയായ വിവരം സന്തോഷപൂർവ്വം അറിയിക്കട്ടെ. സാമ്പത്തിക ഭദ്രതയുള്ളവർ ബുദ്ധിമുട്ടനുഭവിക്കുന്ന കുടുംബങ്ങളെ സ്പോൺസർ ചെയ്യുകയും ഗുണഭോക്താക്കൾ തങ്ങളെ സഹായിക്കുന്നവർക്കായി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുന്ന പ്രവർത്തനരീതിയാണ് ഈ പദ്ധതി അവലംബിക്കുന്നത്. മൂന്നു വർഷം നീണ്ടു നിൽക്കുന്ന ഈ പദ്ധതിയിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന കുടുംബങ്ങൾക്ക് എല്ലാ മാസവും 1000 രൂപാ വീതം നല്കുന്നതാണ്. കൂടാതെ അവരുടെ ഉന്നമനത്തിനുവേണ്ടിയുള്ള പ്രത്യേക പരിപാടികളും Trust -ന്റെ നേതൃത്വത്തിൽ നടത്തും. ഈ പദ്ധതിയുടെ ഗുണകാംക്ഷികളായിക്കൊണ്ട് രൂപതയുടെ കുടുംബക്ഷേമ പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ ഏവരെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു. ഒരു കുടുംബത്തെ സ്പോൺസർ ചെയ്യുവാൻ എല്ലാ മാസവും 1000 രൂപ വീതം പദ്ധതി കാലയളവിൽ നല്കേണ്ടതാണ്. ഈ തുക മാസം തോറുമോ, ഒരു വർഷത്തേയ്ക്കുള്ളത് ഒരുമിച്ചോ, മൂന്നു വർഷത്തേയ്ക്കുള്ളതു മൊത്തമായോ നല്കാവുന്നതാണ്.

ഗുണകാംക്ഷികളെയും ഗുണഭോക്താക്കളെയും കണ്ടെത്താൻ ബഹു. വികാരിയച്ചന്മാർ സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ആദ്യഘട്ടത്തിൽ എല്ലാ ഇടവകകളിൽനിന്നും 5 അപേക്ഷകൾ വീതം സ്വീകരിക്കുന്നതും ഓരോ ഇടവകയിലേയും ഒരു കുടുംബത്തിനെങ്കിലും പദ്ധതിയിലൂടെ സഹായം നല്കുന്നതുമാണ്. ഗുണകാംക്ഷികളുടെ എണ്ണമനുസരിച്ച് കൂടുതൽ കുടുംബങ്ങളെ പദ്ധതിയുടെ ഭാഗമാക്കി സഹായം നൽകുന്നതായിരിക്കും.

*Bishop*



### *C. 30 /2017* ഇടവകകൾക്ക് നിശ്ചയിച്ചിട്ടുള്ള അതിർത്തി പാലിക്കണം

പല ഇടവകകളുടെയും അതിർത്തി സംബന്ധിച്ച ചില പ്രശ്നങ്ങൾ നിലവിലുള്ളതായി ശ്രദ്ധയിൽപെടുന്നു. നിലവിലുള്ള അതിർത്തികൾ നിർബന്ധമായും പാലിക്കപ്പെടേണ്ടതാണ്. പുതിയ ഇടവകകൾ സ്ഥാപിച്ചുകൊണ്ടുള്ള ഡിക്രിയോടൊപ്പം ഇടവകയുടെ അതിർത്തി സംബന്ധിച്ച നിർദ്ദേശങ്ങളും വ്യക്തമായി നല്കിയിട്ടുണ്ട്. രൂപതാക്കച്ചേരിയിൽ നിന്ന് പ്രത്യേക അനുവാദം ലഭിച്ച വീടുകൾക്ക് പഴയ ഇടവകയിൽ തുടരാവുന്നതാണ്. എന്നാൽ ആ ഭവനത്തിൽ നിന്നും മാറിത്താമസിക്കുകയോ അനുവാദം ലഭിച്ച വീട് മറ്റൊരാൾ വാങ്ങുകയോ ചെയ്താൽ ഈ ആനുകൂല്യം തുടർന്ന് ലഭിക്കുന്നതല്ല. അതിർത്തി സംബന്ധിച്ച് തർക്കങ്ങളുണ്ടെങ്കിൽ തീർപ്പുകല്പിക്കുന്നതിന് രൂപതാക്കച്ചേരിയെ സമീപിക്കേണ്ടതാണ്.

*Bishop*

### *C. 31 /2017* 2016-17 സാമ്പത്തിക വർഷത്തിലെ കണക്കുകൾ

ഇടവകകളും, സ്ഥാപനങ്ങളും 2016-17 സാമ്പത്തിക വർഷത്തിലെ കണക്കുകൾ ഓഡിറ്റ് ചെയ്ത് ഏപ്രിൽ മാസം 30-ാം തീയതിക്ക് മുമ്പായി രൂപതാ ഫൈനാൻസ് ഓഫീസിൽ എത്തിക്കുന്ന കാര്യം ഒരിക്കൽ കൂടി ഓർമ്മിപ്പിക്കുന്നു. ഇതു സംബന്ധിച്ച് രൂപതാ ഫൈനാൻസ് ഓഫീസിൽ നിന്നും നല്കുന്ന നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. പുതിയ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ ഉപയോഗിച്ചു വേണം ഇടവകകളുടെ കണക്കുകൾ തയ്യാറാക്കുവാൻ. സ്ഥാപനങ്ങളുടെ കണക്കുകൾ ടാലി പ്രോഗ്രാമിലാണ് തയ്യാറാക്കേണ്ടത്. ബന്ധപ്പെട്ടവർ ഇക്കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ.

*Bishop*

### *C. 32 /2017* ആഘോഷങ്ങളിലെ ലാളിത്യം

രൂപതാ അസംബ്ലിയുടെയും മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയുടെയും പശ്ചാത്തലത്തിൽ ആഘോഷങ്ങളിൽ പാലിക്കേണ്ട മിതത്വം സംബന്ധിച്ച് നിർദ്ദേശങ്ങൾ നല്കിയിട്ടുള്ളതാണല്ലോ. വിവാഹത്തിന്റെയും മറ്റ് ആഘോഷപരിപാടികളുടെയും ആർഭാടങ്ങൾ കുറയ്ക്കുന്നതോടൊപ്പം വിവാഹത്തലേന്നാൾ ഭവനങ്ങളിൽ നടത്തുന്ന ആഘോഷപരിപാടികളിലും മിതത്വം പാലിക്കണമെന്ന

കാര്യം പ്രത്യേകം ഓർമ്മിപ്പിക്കുകയാണ്. വിവാഹങ്ങളുടെ നടത്തിപ്പുകൾ ഇവന്റ് മാനേജ്മെന്റ് ഗ്രൂപ്പുകളെ ഏല്പിക്കുന്ന പ്രവണത ഒരു കാരണവശാലും പ്രോത്സാഹിപ്പിക്കപ്പെടാവുന്നതല്ല. ദൈവാലയത്തിന്റെ പരിശുദ്ധിക്കും പരിപാവനതയ്ക്കും യോജിക്കാത്ത എല്ലാ പുത്തൻ പ്രവണതകളും നിരുത്സാഹപ്പെടുത്തണം. ഫ്ളവർഗേൾ തുടങ്ങിയ പരിപാടികൾ ദൈവാലയത്തിനകത്ത് അനുവദിക്കാവുന്നതല്ല. വിവാഹവസ്ത്രങ്ങൾ സഭ്യവും ലളിതവുമായിരിക്കണം. തിരുക്കർമ്മങ്ങൾക്ക് തടസ്സമാകുന്ന രീതിയിലും പ്രത്യേകം പോസ് ചെയ്തും ദൈവാലയത്തിനകത്ത് ഫോട്ടോ, വീഡിയോ തുടങ്ങിയവ എടുക്കുവാൻ പാടില്ല. ഉച്ചഭാഷിണിയുടെ ശബ്ദത്തിലും നിയന്ത്രണം പാലിക്കേണ്ടതുണ്ട്. അതുപോലെ തന്നെ തിരുനാളുകൾ ആർഭാടരഹിതമായി നടത്തണമെന്നും നോട്ടീസ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ മിതത്വം പാലിക്കണമെന്നുമുള്ള നിർദ്ദേശം ഒരിക്കൽകൂടി ശ്രദ്ധയിൽപ്പെടുത്തുന്നു. നാസിക് ദോൾ തുടങ്ങിയ ചെണ്ടമേളങ്ങൾ രൂപതയിൽ നടത്തുന്ന ഒരാഘോഷപരിപാടികളിലും ഉപയോഗിക്കരുത് എന്ന നിർദ്ദേശം കൃത്യമായി പാലിക്കപ്പെടുന്നു എന്ന് ബഹു. വികാരിയച്ചന്മാർ ഉറപ്പുവരുത്തേണ്ടതാണ്. തിരുനാളുകൾ, ജൂബിലി ഒഴികെയുള്ള മറ്റ് ആഘോഷപരിപാടികൾ എന്നിവയോടനുബന്ധിച്ചുള്ള സപ്ലിമെന്റുകൾ നിരുത്സാഹപ്പെടുത്തണം. ആഘോഷങ്ങളുടെയും വരുമാനത്തിന്റെയും ദശാംശം അർഹരായ ദരിദ്രർക്ക് നല്കുന്ന കാര്യം പ്രോത്സാഹിപ്പിക്കേണ്ടതാണ്.

*Bishop*

### *C. 33 /2017* **സ്കൂൾ ആനിവേഴ്സറികൾ, പിക്നിക്കുകൾ**

കത്തോലിക്കാവിശ്വാസികളായ കുട്ടികളുടെ വിശ്വാസപരിശീലനത്തിന് തടസ്സം വരുമെന്നതിനാൽ കത്തോലിക്കാ മാനേജ്മെന്റിലുള്ള സ്കൂളുകളിൽ ശനിയാഴ്ച വൈകിയോ, ഞായറാഴ്ചയോ ആനിവേഴ്സറി തുടങ്ങിയ പരിപാടികൾ നടത്തരുത് എന്ന കാര്യം പ്രത്യേകം നിഷ്കർഷിക്കുന്നു. സ്കൂളിൽ നിന്നും പിക്നിക്കുകൾ പോകുമ്പോൾ ഞായറാഴ്ച ദിവസങ്ങൾ ഒഴിവാക്കി സമയം ക്രമീകരിക്കുവാനും സ്കൂൾ അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് ലഭിച്ചിട്ടുള്ള പരാതികൾ കണക്കിലെടുത്താണ് ഈ നിർദ്ദേശം നല്കുന്നത്. ഇത് പാലിക്കുവാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കുമല്ലോ.

*Bishop*



### *C. 34 /2017* **നാമഹേതുക തിരുനാൾ**

വി. ഗീവർഗീസിന്റെ നാമധാരികളായ അഭിവന്ദ്യ പിതാക്കന്മാരുടെ തിരുനാൾ ദിനമായ ഏപ്രിൽ 24-നോടനുബന്ധിച്ചാണല്ലോ നാം രൂപതാദിനം ആഘോഷിക്കുന്നത്. ഈ വർഷത്തെ ആഘോഷം ഏപ്രിൽ മാസം 18-ാം തീയതി ചൊവ്വാഴ്ച മൂവാറ്റുപുഴ NESTT-ൽ വച്ച് നടത്തുവാനാണ് ഉദ്ദേശിക്കുന്നത്. അഭിവന്ദ്യ പിതാക്കന്മാർക്കുവേണ്ടി നമുക്ക് പ്രാർത്ഥിക്കുകയും നാമഹേതുക തിരുനാളിന്റെ മംഗളങ്ങൾ നേരുകയും ചെയ്യാം.

*Protosyncellus*

### *C. 35 /2017* **ഫാ. ജോസഫ് എഴുമായിൽ ജീസസ് യൂത്ത് ഓൾ കേരള ചാപ്ലയിൻ**

ജീസസ് യൂത്ത് ഓൾ കേരള ചാപ്ലയിൻ ആയി നിയോഗിക്കപ്പെട്ട ബഹു. ജോസഫ് എഴുമയിൽ അച്ചന് രൂപതാ കുടുംബത്തിന്റെ ആശംസകളും അഭിനന്ദനങ്ങളും നേരുന്നു.

*Protosyncellus*

### *C. 36 /2017* **വാർഷിക റിപ്പോർട്ട്**

പള്ളി, മഠം, ആശ്രമം, മറ്റു സ്ഥാപനങ്ങൾ എന്നിവയുടെ വാർഷിക റിപ്പോർട്ട് രൂപതക്കച്ചേരിയിൽ ഇനിയും എത്തിച്ചിട്ടില്ലാത്തവർ എത്രയും വേഗം അത് നൽകണമെന്ന് അഭ്യർത്ഥിക്കുന്നു.

*Syncellus*

### *C. 37 /2017* **Monthly Recollection for Priests**
### **Topic for Discussion in April**

Read in common Nos. 630 - 640 of the Catechism of the Catholic Church.

*Syncellus*

### *C. 38 /2017* **കുർബാന ധർമ്മം പുതുക്കി നിശ്ചയിച്ചു**

കേരള കാത്തലിക് ബിഷപ്സ് കോൺഫറൻസിന്റെ തീരുമാനപ്രകാരം 2017 ഏപ്രിൽ മാസം 1-ാം തീയതി മുതൽ സാധാരണ കുർബാനയുടെ ധർമ്മം 100 രൂപയാക്കി പുതുക്കി നിശ്ചയിച്ചിരിക്കുന്നു. മറ്റ് തിരുക്കർമ്മ ധർമ്മങ്ങൾ പഴയതുപോലെ തുടരുന്നതാണ്.

*Chancellor*

### *C. 39 /2017* **Pastoral Visits - March**

| | |
|---|---|
| Parapuzha | 12-03-2017 |
| Nadukara | 19-03-2017 |

*Chancellor*

*C. 40 /2017* **ജൂബിലി സ്മാരക സ്കോളർഷിപ്പ്**

മാർ ജോർജ് പുന്നക്കോട്ടിൽ മെത്രാഭിഷേക രജതജൂബിലി സ്മാരക സ്കോളർഷിപ്പിലേയ്ക്ക് ഗുണഭോക്താക്കളെ ക്ഷണിക്കുന്നു. കോതമംഗലം, ഇടുക്കി രൂപതകളിൽപ്പെട്ട കത്തോലിക്കാ കുട്ടികൾക്ക് മാത്രമാണ് അപേക്ഷിക്കുവാൻ അർഹതയുള്ളത്. താഴെ പേരുപറഞ്ഞിരിക്കുന്ന ഏതെങ്കിലും കോഴ്സിലേക്ക് 2017-2018 അദ്ധ്യയന വർഷം പ്രവേശനം പ്രതീക്ഷിക്കുന്നവരും ഇപ്പോൾ പഠനം നടത്തുന്നവരുമാണ് സ്കോളർഷിപ്പിന് അപേക്ഷിക്കേണ്ടത്.

Technical and Professional Studies at Graduate and Post Graduate levels in various branches of Medicine, Engineering, Nursing, Para-Medical courses, Computer Application (Master's Degree only) and Business / Banking Administration (Master's Degree only).

**ഒരിക്കൽ സ്കോളർഷിപ്പ് ലഭിച്ചവരും ഡിസംബർ മാസത്തിനുമുമ്പ് കോഴ്സ് അവസാനിക്കുന്നവരും അപേക്ഷിക്കേണ്ടതില്ല.**

2017 മെയ് 13-ാം തീയതി ശനിയാഴ്ച പകൽ 10 മുതൽ 12 മണി വരെ കോതമംഗലം ബിഷപ്പ്സ് ഹൗസിൽവച്ച് നടത്തുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലായിരിക്കും ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത്. സൺഡേസ്കൂൾ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയവർ മാത്രമേ പ്രവേശന പരീക്ഷയിൽ പങ്കെടുക്കാവൂ. പ്രവേശനപരീക്ഷയിൽ വിജയിക്കുന്നതിന് 50% മാർക്ക് വാങ്ങേണ്ടതുണ്ട്. സ്കോളർഷിപ്പിന്റെ നിയമാവലിക്ക് കോതമംഗലം രൂപതാനിയമസംഗ്രഹം അനുബന്ധം 14 കാണുക.

**പ്രവേശന പരീക്ഷാ വിഷയങ്ങൾ**

Sunday School Texts - Standards IX, X, XI, XII, പൊതുവിജ്ഞാനം.

സ്കോളർഷിപ്പിനുവേണ്ടി അപേക്ഷിക്കുവാൻ ആഗ്രഹിക്കുന്ന കുട്ടികളുടെ പേരുവിവരം ബഹു. വികാരിയച്ചന്മാർ താഴെ പറയുന്ന വിലാസത്തിൽ 2017 ഏപ്രിൽ 30-ാം തീയതിക്കകം അറിയിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

The Secretary, Bishop Mar George Punnakottil Episcopal Silver Jubilee Memorial Education Society, Bishop's House, P.B. No. 6, Kothamangalam - 686 691 Tel : 0485 -2862236

*Secretary*



*C. 41/2017* **Meeting of the Presbyteral Council**

An ordinary meeting of the Presbyteral Council will be held on **Tuesday, April 25, 2017 from 10.00 am to 1.00 pm** at the Bishop's House. The members are cordially invited.

Topics to be included in the Agenda may be sent to the secretary before April 10, 2017.

*Secretary*

*C. 42/2017* **Meeting of the Pastoral Council**

An ordinary meeting of the Pastoral Council will be held on **Saturday, April 29, 2017 from 10.00 am to 4.00 pm** at the Bishop's House. The members are cordially invited.

*Secretary*

*C.43/2017* **2015-2016 -ൽ രൂപതക്കച്ചേരിയിൽ ലഭിച്ച പിരിവുകൾ**

1. H.C. - Holy Childhood
2. B.S. - Bible Sunday
3. P.P. - Peter's Pense
4. M.S. - Mission Sunday
5. V.F. - Vocation Fund
6. C.M - Communication Media
7. J.S. - Justice Sunday
8. G.F. - Good Friday
9. Yuva. - Yuvajanadinam
10. Sy.M.S. - Syro Malabar Mission Sunday
11 S.D - Sabhadinam
12. M.V. - Madyavirudhadinam
13. J.F - Jesus' Fraternity

| PARISHES | H.C. | B.S. | P.P. | M.S. | V.F. | C.M. | J.S | G.F. | Yuva | Sy.M.S. | S.D. | M.V. | J.F |
|---|---|---|---|---|---|---|---|---|---|---|---|---|---|
| Cathedral | 2000 | 2000 | 3000 | 3000 | 2000 | 1000 | 1000 | 3000 | 1000 | - | 22900 | 1000 | 1000 |
| Alakode | 250 | 250 | 250 | 1000 | 250 | 250 | 250 | 500 | 250 | 250 | 3500 | 250 | 250 |
| Ambikapuram | 500 | 500 | 500 | 500 | 500 | 500 | 500 | 500 | 500 | 500 | 1800 | 500 | 500 |
| Anchiry | 150 | 250 | 300 | 450 | 200 | 200 | 250 | 200 | 200 | 200 | 3000 | 200 | 100 |
| Anicadu | 300 | 300 | 400 | 500 | 300 | 200 | 200 | 500 | 300 | 500 | 5970 | 200 | 200 |
| Arakuzha | 1000 | 1000 | 5000 | 6000 | 1500 | 1000 | 1000 | 6000 | 1500 | - | 7000 | 1000 | 500 |
| Arikuzha | 250 | 250 | 250 | 600 | 1000 | 300 | 250 | 1000 | 250 | - | 4000 | 250 | 250 |
| Ayavana | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 5500 | 200 | 200 |
| Bethlehem | 100 | 100 | 1000 | - | 100 | 100 | 100 | - | 100 | - | 4500 | 100 | - |

| PARISHES | H.C. | B.S. | P.P. | M.S. | V.F. | C.M. | J.S | G.F. | Yuva | Sy.M.S. | S.D. | M.V. | J.F |
|---|---|---|---|---|---|---|---|---|---|---|---|---|---|
| Kulappuram | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 1600 | 100 | 100 |
| Chalassery | 150 | 150 | 150 | 500 | 150 | 150 | 150 | 300 | 150 | - | 1720 | 150 | 150 |
| Cheenikuzhy | 100 | 200 | 100 | 400 | 100 | 100 | 100 | 200 | 200 | - | 2800 | 50 | 50 |
| Cheppukulam | 50 | 50 | 50 | 100 | 50 | 50 | 50 | 500 | 50 | - | 1960 | 50 | 50 |
| Chilavu | 500 | 500 | 500 | 500 | 500 | 500 | 500 | 500 | 500 | 500 | 3200 | 500 | 500 |
| Chittoor | 100 | 100 | 200 | 100 | 100 | 100 | 100 | 500 | 100 | - | 3260 | 100 | - |
| Enanalloor | 100 | 100 | 100 | 200 | 100 | 100 | 100 | 200 | 100 | 100 | 1650 | 100 | - |
| Ezhalloor | 250 | 250 | 250 | - | 250 | 250 | 250 | 500 | 250 | 250 | 3600 | 250 | 250 |
| Inchathotty | 150 | 150 | 150 | 150 | 150 | 150 | 150 | 150 | 150 | 150 | 850 | 150 | 150 |
| Inchoor | 100 | 100 | 200 | 300 | 100 | 100 | 100 | 300 | 100 | 1000 | 3330 | 100 | 100 |
| Kadalikad | 250 | 250 | 250 | 250 | 250 | 250 | 250 | 250 | 250 | - | 5350 | 250 | 250 |
| Kadavoor | 100 | 100 | 1000 | 1000 | 100 | 100 | 100 | 1200 | 100 | 100 | 3600 | 200 | 200 |
| Kaithapara | - | - | - | - | - | - | - | - | - | - | - | - | - |
| Kalayanthany | 1500 | 2000 | 1250 | 1750 | 1500 | 2300 | 1700 | 2250 | 1200 | 1100 | 7300 | 1200 | 1250 |
| Kaliyar | 300 | 300 | 500 | 500 | 300 | 300 | 300 | 500 | 300 | 300 | 5340 | 300 | 300 |
| Kallanickal | 300 | 600 | 1500 | 1600 | 1000 | 500 | - | 2400 | 500 | - | 6600 | - | - |
| Kalloorkad | 200 | 450 | 900 | - | 250 | 200 | 200 | 1000 | 250 | 350 | 9030 | - | - |
| Kaloor | 200 | 200 | 200 | 200 | 200 | 200 | 200 | 500 | 200 | 200 | 6000 | 200 | 200 |
| Karakunnam | 300 | 300 | 300 | 300 | 300 | 300 | 300 | 300 | 300 | 300 | 3000 | 300 | 300 |
| Karimannoor | 500 | 500 | 500 | 500 | 500 | 500 | 500 | 500 | 500 | 500 | 9250 | 500 | 500 |
| Kavakad | 100 | 100 | 150 | 1000 | 100 | 100 | 100 | 2340 | 100 | 100 | 2200 | 100 | - |
| Keerampara | 200 | 200 | 200 | 200 | 200 | 200 | 200 | 1000 | 200 | 200 | 3280 | 200 | - |
| Kodikulam | 200 | 200 | 200 | 500 | 200 | 200 | 200 | 200 | 200 | 300 | 5050 | 200 | 200 |
| Koduvely | 500 | 1000 | 2000 | 2000 | 500 | 300 | 500 | 1000 | 300 | 500 | 3000 | 200 | 200 |
| Kolady | 100 | 100 | 100 | 100 | - | 100 | 100 | 100 | 100 | - | 1600 | 100 | 100 |
| Kottappady | 250 | 400 | 400 | 350 | 450 | 250 | 250 | 500 | 350 | 500 | 2194 | 250 | 250 |
| Kuninji | 300 | 300 | 300 | 500 | 300 | 300 | 300 | 300 | 300 | 500 | 3400 | 300 | 300 |
| Kuruppampady | 200 | 200 | 250 | 200 | 200 | 200 | 200 | 500 | 200 | - | 6424 | 200 | - |
| Kuthumkal | 50 | 50 | 50 | 100 | 50 | 50 | 50 | 100 | 50 | - | 750 | 50 | 50 |
| Kuttampuzha | 150 | 150 | 150 | 150 | 150 | 150 | 150 | 150 | 150 | 150 | 3400 | 150 | 150 |
| Mailacombu | 350 | 350 | 10300 | 350 | 350 | 350 | 350 | 350 | 350 | - | 9830 | - | 350 |
| Malayinchi | 100 | 50 | 100 | 100 | 50 | 50 | 50 | 100 | 100 | - | 1200 | 50 | 50 |
| Malippara | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 2500 | 200 | 200 |
| Mamalakandam | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 50 | 700 | - | - |
| Marady | 300 | 300 | 300 | - | 300 | 300 | 300 | 500 | 300 | 300 | 2700 | 300 | 300 |
| Marika | 500 | 1000 | 1000 | 5000 | 500 | 500 | 500 | 600 | 500 | 5000 | 6200 | 200 | 200 |
| Mathirappilly | 100 | 100 | 100 | 100 | 100 | 100 | 100 | 200 | 100 | 100 | 1500 | 100 | 100 |
| Meenkunnam | 150 | 150 | 150 | 200 | 200 | 150 | 500 | 3500 | 150 | 400 | 4394 | 150 | 200 |
| Mekkadambu | 100 | 100 | 100 | 200 | 100 | 50 | 100 | 100 | 100 | 100 | 850 | 50 | 50 |
| Mudavoor | 100 | 100 | 100 | 250 | 100 | 100 | 100 | 1735 | 100 | 425 | 483 | 100 | 100 |



| PARISHES | H.C. | B.S. | P.P. | M.S. | V.F. | C.M. | J.S | G.F. | Yuva | Sy.M.S. | S.D. | M.V. | J.F |
|---|---|---|---|---|---|---|---|---|---|---|---|---|---|
| Mulappuram | - | - | - | - | - | - | - | - | - | - | - | - | - |
| Mullaringad | 250 | 250 | 250 | 250 | 250 | 250 | 250 | 250 | 250 | 250 | 3660 | 250 | 250 |
| Mundanmudy | 100 | 100 | 100 | 200 | 100 | 100 | 100 | 100 | 100 | - | 3000 | 50 | 50 |
| Muthalakodam | 2500 | 10000 | 7000 | 16850 | 5000 | 2000 | 5000 | 25920 | 5000 | - | 10000 | 17140 | 3000 |
| Muvattupuzha | 900 | 1100 | 3500 | 6500 | 1700 | 900 | 1000 | 6000 | 900 | 1100 | 9800 | 900 | 500 |
| Mupuzha. East | 750 | 1250 | 1500 | 3000 | 1500 | 750 | 1000 | 3000 | 1250 | - | 2936 | 1000 | 1000 |
| Nadukani | 200 | 100 | 200 | 200 | 100 | 100 | 100 | 100 | 100 | 2690 | 2960 | 100 | 400 |
| Nadukara | 500 | 500 | 500 | 500 | 500 | 500 | 500 | 1000 | 500 | - | 3000 | 500 | 500 |
| Nakapuzha | 500 | 500 | 5000 | 4000 | 1000 | 500 | 500 | 12140 | 500 | 7250 | 8000 | 500 | 500 |
| Nediakad | 300 | 400 | 600 | 1000 | 500 | 300 | 300 | 750 | 500 | 500 | 8450 | 200 | 200 |
| Nediasala | 100 | 100 | 500 | 500 | 100 | 100 | 100 | 2000 | 100 | 100 | 5208 | 200 | 100 |
| Nedungapra | 200 | 200 | 200 | 500 | 200 | 200 | 200 | 300 | 200 | 500 | 3700 | 200 | 200 |
| Neendapara | 100 | 100 | 200 | 100 | 200 | 100 | 100 | - | 100 | - | 2150 | 100 | 100 |
| Nellimattam | 350 | 325 | 275 | 1000 | 400 | 400 | 350 | 400 | 300 | 500 | 8500 | 350 | 500 |
| Nellikuzhy | 150 | 150 | 150 | 150 | 150 | 150 | 150 | 150 | 150 | - | 1840 | 150 | 150 |
| Neriamangalam | 200 | 200 | 300 | 200 | 200 | 200 | 200 | 500 | 500 | - | 3950 | 500 | 200 |
| Neyyassery | 250 | 250 | 250 | - | 250 | 250 | 250 | 250 | 250 | - | 5000 | 250 | 250 |
| Njarakad | 100 | 150 | 300 | 1000 | 100 | 150 | 100 | 1000 | 100 | 200 | 3960 | 300 | 140 |
| Njayappilly | 150 | 150 | 300 | 500 | 200 | 200 | - | 500 | 100 | 200 | 1890 | 100 | 100 |
| Oonnukal | 300 | 300 | 300 | 300 | 400 | 300 | 300 | 500 | 300 | 400 | 4500 | 300 | 300 |
| Paingottoor | 500 | 500 | 700 | 1000 | 700 | 500 | 500 | 2000 | 500 | - | 8000 | 500 | 500 |
| Pallickamury | 100 | 100 | 500 | 500 | 100 | 100 | 100 | 550 | 100 | - | 4000 | 100 | 100 |
| Pannimattam | 300 | 400 | 350 | 400 | 300 | 250 | 300 | 400 | 300 | 300 | 4665 | 200 | 100 |
| Parapuzha | 300 | 400 | 900 | 1459 | 400 | 300 | 300 | 3000 | 300 | - | 2358 | 300 | - |
| Pareekanny | 100 | 50 | 50 | 100 | 50 | 50 | 100 | 100 | 100 | 100 | 1500 | 50 | 50 |
| Pazhampillichal | - | - | - | - | - | - | - | - | - | - | - | - | - |
| Peringuzha | 200 | 200 | 500 | 500 | 200 | 200 | 200 | 500 | 200 | - | 3240 | 200 | 200 |
| Perumannoor | 100 | 100 | 100 | 500 | 100 | 100 | 100 | 250 | 100 | 100 | 2000 | 100 | 100 |
| Peringassery | 50 | 50 | 50 | 100 | 50 | 50 | 50 | 100 | 50 | 50 | 738 | 50 | 50 |
| Perumballichira | 150 | 150 | 150 | 150 | 150 | 150 | 150 | 150 | 150 | - | 2025 | 150 | 150 |
| Perumballoor | 200 | 200 | 200 | 200 | 200 | 200 | 200 | 1000 | 200 | 200 | 2458 | 200 | 200 |
| Ponnanthanam | 150 | 150 | 1000 | 1500 | 150 | 150 | 150 | 1000 | 150 | 150 | 3960 | 150 | - |
| Pooyamkutty | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 2000 | 200 | 200 |
| Pothanikad | 200 | 200 | 300 | 500 | 200 | 200 | 200 | 300 | 200 | - | 4100 | 200 | 200 |
| Puliyanpara | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 1280 | 100 | 100 |
| Punnamattam | 100 | 100 | 100 | 250 | 100 | 50 | 100 | 100 | 100 | 300 | 750 | 50 | 50 |
| Purapuzha | 300 | 400 | 400 | 1500 | 300 | 250 | 300 | 5840 | 1500 | 400 | 3600 | 250 | 250 |
| Rajagiri | - | - | - | - | - | - | - | - | - | - | - | - | - |
| Randar | 200 | 200 | 300 | 300 | 200 | 200 | 200 | 500 | 200 | - | 2080 | 200 | 200 |
| Thalayanad | 300 | 350 | 400 | 400 | 300 | 400 | 350 | 300 | 350 | 400 | 2490 | 300 | 300 |
| Thazhuvumkunnu | 300 | 400 | 750 | 1500 | 350 | 325 | 550 | 600 | 500 | - | 2600 | 500 | 200 |
| Thennathoor | 125 | 125 | 125 | 125 | 125 | 125 | 125 | 125 | 125 | 125 | 1700 | 125 | 125 |

| PARISHES | H.C. | B.S. | P.P. | M.S. | V.F. | C.M. | J.S | G.F. | Yuva | Sy.M.S. | S.D. | M.V. | J.F |
|---|---|---|---|---|---|---|---|---|---|---|---|---|---|
| Thodupuzha | 1900 | 1700 | 4200 | 4700 | 2400 | 2300 | 2400 | 11600 | 2300 | 1500 | 10136 | 1300 | 1200 |
| Thodupuzha East | 2200 | 3500 | 5300 | 2550 | 2200 | 2050 | 2250 | 5000 | 3050 | - | 2700 | 2000 | 1950 |
| Thommankuth | 200 | 200 | 200 | 200 | 200 | 200 | 200 | 200 | 200 | - | 3000 | 200 | 200 |
| Thottakara | 250 | 250 | 600 | 600 | 250 | 250 | 250 | 1000 | 250 | - | 2900 | 250 | 250 |
| Thrikariyoor | 100 | 100 | 100 | 500 | 100 | 100 | 100 | 1520 | 100 | - | 1030 | 100 | 100 |
| Udumpannoor | 250 | 150 | 1000 | 2000 | 350 | 150 | 200 | - | 350 | 200 | 5000 | 250 | 100 |
| Uppukunnu | - | - | - | - | - | - | - | - | - | - | - | - | - |
| Urulanthanny | 100 | 100 | 100 | 100 | 100 | 100 | 100 | 100 | 100 | - | 1100 | 100 | 100 |
| Vadakode | 200 | 250 | 200 | 500 | 300 | 200 | 250 | 200 | 300 | 200 | 1200 | 100 | 100 |
| Vadattupara | 100 | 100 | 200 | 300 | 100 | 100 | 100 | 100 | 100 | 100 | 3570 | 100 | 100 |
| Vandamattam | 100 | 100 | 1150 | 500 | 100 | 100 | 100 | 3139 | 100 | 3250 | 3800 | 100 | 100 |
| Vannappuram | 500 | 500 | 500 | 500 | 500 | 500 | 500 | 2500 | 500 | 2500 | 5000 | 500 | 500 |
| Vazhakala | 200 | 200 | 200 | 200 | 200 | 200 | 200 | 1000 | 200 | 200 | 2600 | 200 | 200 |
| Vazhakulam | 1800 | 2200 | 15500 | 31570 | 3200 | 1850 | 3450 | 9500 | 3400 | 16500 | 20450 | 2450 | - |
| Vazhapilly East | 150 | 150 | 150 | 150 | 150 | 150 | 150 | 150 | 150 | 150 | 2700 | 150 | 150 |
| Veliechal | 300 | 500 | 300 | 500 | 500 | 300 | 300 | 6000 | 500 | - | 5350 | 500 | 400 |
| Vettampara | 100 | 100 | 200 | 200 | 100 | 100 | 100 | 200 | 100 | 200 | 1100 | 100 | 100 |
| Vettimattam | 150 | 150 | 100 | 350 | 200 | 100 | 100 | 200 | 200 | 200 | 2450 | 100 | 100 |
| CMI Malayinkeezhu | - | - | - | 5025 | - | - | - | 5100 | - | - | - | - | - |
| CMI Vazhakulam | | | | 6000 | | | | | | | | | |
| Loretto Vazhappilly | - | - | - | 3750 | - | - | - | - | - | - | - | - | - |

*01-03-2017* *Finance Officer*

# മൈനർ സെമിനാരി

## *MS 8 /2017* ദൈവവിളിക്യാമ്പ്

രൂപതാമൈനർ സെമിനാരിയിൽ ചേർന്നു വൈദികപരിശീലനം നേടാൻ ആഗ്രഹിക്കുന്നവർക്കായി ദൈവവിളി ക്യാമ്പ് നടത്തുന്നു. 2017 ഏപ്രിൽ 2-ാം തീയതി ഞായറാഴ്ച രാവിലെ 10 മണിക്ക് ആരംഭിച്ച് 3-ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് ക്യാമ്പ് അവസാനിക്കും. SSLC (State Syllabus), Plus Two പരീക്ഷകൾ എഴുതിയിരിക്കുന്നവരും ഉപരി വിദ്യാഭ്യാസയോഗ്യതയുള്ളവരുമായ അനുയോജ്യരായ കുട്ടികളെ ആണ് ഈ ക്യാമ്പിൽ പ്രതീക്ഷിക്കുന്നത്. ഏപ്രിൽ 2-ാം തീയതി ഞായറാഴ്ച വൈകുന്നേരം സെമിനാരിയിൽ വി. കുർബാനയുണ്ടായിരിക്കുന്നതാണ്. CBSE Syllabus-ൽ പഠിക്കുന്നവരുടെ പരീക്ഷകൾ താമസിച്ച് അവസാനിക്കുന്നതിനാൽ ഏപ്രിൽ 17 തിങ്കളാഴ്ച അവർക്കായി ഏകദിന



ക്യാമ്പ് മൈനർ സെമിനാരിയിൽ വച്ച് ഉണ്ടായിരിക്കുന്നതാണ്. ഈ രണ്ടവസരങ്ങളിലും ഇന്റർവ്യൂ ഉണ്ടായിരിക്കും. അനുയോജ്യരായ കുട്ടികളെ ബഹു. വികാരിയച്ചന്മാർ പ്രോത്സാഹിപ്പിച്ചു കത്തുനൽകി പറഞ്ഞയയ്ക്കുമല്ലോ. ദൈവവിളി പ്രോത്സാഹനത്തിന് ബഹു. അച്ചന്മാർക്ക് സ്നേഹപൂർവം നന്ദി.

NB: ക്യാമ്പിൽ പങ്കെടുക്കുന്നവർ നോട്ട്ബുക്ക്, പേന, ബെഡ്ഷീറ്റ്, ടോയ്‌ലറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരേണ്ടതാണ്.

## *MS 9 /2017* അവധിക്കാല ധ്യാനം

നമ്മുടെ ദൈവശാസ്ത്ര സെമിനാരി വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ യു.പി., ഹൈസ്കൂൾ, ഹയർസെക്കന്ററി, വിദ്യാർത്ഥികൾക്കായി ധ്യാനവും ക്യാമ്പുകളും, 1 മുതൽ 5 വരെ ക്ലാസ്സുകളിലെ കുട്ടികൾക്കായി മൈനർ സെമിനാരി ബ്രദേഴ്സിന്റെ നേതൃത്വത്തിൽ ഏയ്ഞ്ചൽസ് മീറ്റും നടത്താൻ ടീമുകൾ സജ്ജമായിട്ടുണ്ട്. ഏപ്രിൽ 10 മുതൽ മെയ് 26 വരെയുള്ള തീയതികളിലായിരിക്കും കൂടുതൽ സൗകര്യം. ബഹു. വികാരിയച്ചന്മാർ മൈനർ സെമിനാരിയുമായി ബന്ധപ്പെടുമല്ലോ.

## *MS 10 /2017* സെന്റ് ജോസഫ്സ് ഡേ

സെമിനാരിയുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾ ഫെബ്രുവരി 23-ാം തീയതി സെമിനാരിയിൽ സമുചിതമായി ആഘോഷിച്ചു. അഭിവന്ദ്യ പിതാവ് എല്ലാ "ജോസഫ്" നാമധാരികൾക്കും ആശംസകളർപ്പിച്ചു. റവ. ഫാ. ഫ്രാൻസീസ് കോലോത്ത്, ബ്ര. ജോസഫ് തയ്യിൽ, ബ്ര. ജോസഫ് പ്ലാപ്പിള്ളിൽ എന്നിവർ ആശംസകളർപ്പിച്ചു. സെമിനാരിക്കാരുടെ വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു. ബ്ര. ജോസ് കുന്നപ്പിള്ളിൽ ഏവർക്കും നന്ദിപറഞ്ഞു.

## *MS 11 /2017* സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ

| | | | |
|---|---|---|---|
| 1 | Sebastian Ousepparambil Thodupuzha East | ₹ | 25000 |
| 2 | Rev. Fr. George Nirappath | ₹ | 10000 |
| 3 | Saju Thomas Athickal Cathedral | ₹ | 10000 |
| 4 | St. Mary's Church Kalayanthany | ₹ | 30000 |
| 5 | Rose Thomas Parackal Karimannoor | ₹ | 6000 |
| 6 | Dr. Benny Augustine Thodupuzha | ₹ | 1000 |

| | | | |
|---|---|---|---|
| 7 | Aelikutty Geogre Oliapuram Mathirappilly | ₹ | 17000 |
| 8 | CML Malayinchy | ₹ | 1500 |
| 9 | In Memory of Ouseph Mathai & Annamma Ouseph Padinjarayil Pallikamury | ₹ | 75000 |
| 10 | One Benefactor | ₹ | 25000 |

*Rector*

## വിജ്ഞാനഭവൻ

*V. 21/2017* **വിശ്വാസോത്സവം ട്രെയിനിംഗ് മാർച്ച് 11 ശനി**

വിശ്വാസോത്സവത്തിന് ഒരുക്കമായുള്ള അദ്ധ്യാപക ട്രെയിനിംഗ് പ്രോഗ്രം ഫെബ്രുവരി 18 ശനിയാഴ്ച നെസ്റ്റിൽ വച്ച് നടത്താനിരുന്നത് മാർച്ച് 11-ലേക്ക് മാറ്റിവച്ച കാര്യം ശ്രദ്ധിക്കുമല്ലോ. 9.30 മുതൽ 1.00 വരെയാണ് സമയം. ഓരോ ഇടവകയിൽനിന്നും രണ്ടുപേർ വീതം സെമിനാറിൽ പങ്കെടുക്കണം.

*V. 22/2017* **രണ്ടാം സെമസ്റ്റർ പരീക്ഷ**

നേരത്തെ അറിയിച്ചിരുന്നതിൽ നിന്നും വ്യത്യസ്തമായി 10, 11, 12 ക്ലാസ്സുകളിലെ പരീക്ഷ ഏപ്രിൽ 10 തിങ്കളാഴ്ചയായിരിക്കും.

**ഏപ്രിൽ 8 ശനി**

Std - I - IX - 10.00 am - 12.00 noon

**ഏപ്രിൽ 10 തിങ്കൾ**

Std - X, XI, XII - 10.00 am - 12.00 noon

1. ചോദ്യപേപ്പറുകൾ ഏപ്രിൽ 7-ാം തീയതി മേഖലാ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നതാണ്.
2. പഴയ രജിസ്റ്റർ നമ്പർ തന്നെയാണ് കുട്ടികൾക്ക് പറഞ്ഞ് കൊടുക്കേണ്ടത്.
3. പരീക്ഷാ സമയം കൃത്യമായി പാലിക്കേണ്ടതാണ്.
4. X, XII ക്ലാസ്സുകളിലെ മൂല്യനിർണ്ണയം നടത്തിയ പരീക്ഷാ പേപ്പറും, മാർക്ക് ലിസ്റ്റും, ഇന്റേണൽ അസ്സെസ്സ്മെന്റ് മാർക്കും (രൂപതാ കേന്ദ്രത്തിൽനിന്നും തന്നിരിക്കുന്ന ഫോമിലും, ബി. ഫോമിലും എഴുതണം) രൂപതാ കേന്ദ്രത്തിൽ ഏപ്രിൽ 21-ാം തീയതിക്ക് മുമ്പായി എത്തിക്കണം. **(മേഖലാ കേന്ദ്രങ്ങളിൽ ഏപ്രിൽ 21-ാം തീയതി മാത്രമേ എത്തിക്കാവൂ.)**



5. മെയ് 1-ാം തീയതി റിസൽട്ട് പ്രഖ്യാപനം.
6. സർട്ടിഫിക്കറ്റ് ബുക്ക് വിതരണം മെയ് 1 മുതൽ മെയ് 15 വരെ.

NB: ഒന്ന്, രണ്ട് ക്ലാസ്സുകളിൽ ചോദ്യപരീക്ഷ ആയിരിക്കും.

*V. 23/2017* **SAY EXAM**

**രജിസ്ട്രേഷൻ : 2017 മെയ് 1 മുതൽ 8 വരെ.**

**പരീക്ഷ : മെയ് 14 ഞായർ**
സമയം : 11.00 am - 1.00 pm
**റിസൽട്ട് : മെയ് 22 തിങ്കൾ**

- അതാത് ഇടവകകളിൽ തന്നെയാണ് SAY Exam നടത്തേണ്ടത്.
- ചോദ്യപേപ്പറുകൾ മെയ് 13 ശനിയാഴ്ച മേഖലാ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്നതാണ്.
- മൂല്യനിർണ്ണയം നടത്തിയ പരീക്ഷാ പേപ്പറുകൾ മെയ് 20-ന് മുമ്പ് **രൂപതാകേന്ദ്രത്തിൽ** എത്തിക്കണം.
- രണ്ടു സെമസ്റ്ററിൽനിന്നും ചോദ്യങ്ങൾ ഉണ്ടായിരിക്കും.

*V. 24/2017* **വിശ്വാസോത്സവം - ഏപ്രിൽ 3-6**

ഈ വർഷത്തെ വിശ്വാസോത്സവം ഏപ്രിൽ 3 മുതൽ 6 വരെ നടത്തേണ്ടതാണ്. പുതിയനിയമ പുസ്തകങ്ങൾ പരിചയപ്പെടുവാൻ ഈ ദിവസങ്ങളിൽ നമുക്ക് ശ്രദ്ധിക്കാം. അതിനുള്ള വർക്കുബുക്കുകളാണ് ഒരുക്കിയിട്ടുള്ളത്. 5 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾ വിശ്വാസോത്സവത്തിന് വരുമ്പോൾ ബൈബിൾ (പുതിയനിയമം) കൊണ്ടുവരേണ്ടതാണ്. (രണ്ടോ മൂന്നോ കുട്ടികൾ ഒരു വീട്ടിൽനിന്നും വരുമ്പോൾ കൂടുതൽ ബൈബിൾ വാങ്ങാൻ നിർബന്ധിക്കരുത്.)

വിശ്വാസോത്സവം 4 ദിവസങ്ങളിലും (ഏപ്രിൽ 3 മുതൽ 6 വരെ) രാവിലെ 9.00 മണി മുതൽ ഉച്ചകഴിഞ്ഞ് 3.30 വരെ നടത്തേണ്ടതാണ്.

വിശ്വാസോത്സവത്തിനുപകരിക്കുന്ന ഡി.വി.ഡി., ഹാൻഡ് ബുക്ക് എന്നിവ വിജ്ഞാനഭവനിൽ നിന്നും ലഭിക്കുന്നതാണ്.

CBSE 10, 12 ക്ലാസ്സുകളിലെ വാർഷിക പരീക്ഷകൾ മാറ്റിവച്ചതിനാൽ പ്രസ്തുത ക്ലാസ്സുകളിലെ കുട്ടികൾക്ക് വിശ്വാസോത്സവത്തിൽ പങ്കെടുക്കാൻ സാധിക്കുകയില്ലല്ലോ. ആ കുട്ടികൾ വിശ്വസോത്സവത്തിന്റെ വർക്കുബുക്കു വാങ്ങി പൂരിപ്പിച്ച് നൽകുകയോ ഏതെങ്കിലും താമസിച്ചുള്ള ധ്യാനത്തിൽ (KCYM, CML, ജീസസ് യൂത്ത് എന്നീ സംഘടനകൾ രൂപതാതലത്തിൽ നടത്തുന്നവയാണെങ്കിലും മതി) സംബന്ധിച്ച് അതിന്റെ സർട്ടിഫിക്കറ്റ് കൊണ്ടുവന്ന് നല്കുകയോ

ചെയ്താൽ ഇന്റേണൽ മാർക്ക് നൽകി അവരെ പാസ്സാക്കാവുന്നതാണ്.

*V.25/2017* **വിശ്വാസോത്സവം: വർക്ക് ബുക്ക് വിതരണം**

വിശ്വാസോത്സവത്തിനുള്ള വർക്ക് ബുക്കുകളുടെ വിതരണം വിജ്ഞാനഭവൻ ഓഫീസിൽ നിന്നും മാർച്ച് 5-ാം തീയതി മുതൽ ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. **വില 30 രൂപയാണ്. പുസ്തക വിതരണം ആരംഭിച്ചുവെന്നത് ഉറപ്പുവരുത്തിയതിനുശേഷം പുസ്തകം വാങ്ങാൻ വരിക.** അദ്ധ്യാപകർക്ക് വേണ്ടത്ര പരിശീലനവും പരിചയവും ലഭിക്കുന്നതിന് വേണ്ടി വർക്ക് ബുക്കുകൾ എത്രയും നേരത്തെ കൊണ്ടുപോകുവാൻ ബഹു. ഹെഡ്മാസ്റ്റർമാർ ശ്രദ്ധിക്കുമല്ലോ. നേരത്തെ തന്നിരുന്ന ഓർഡർ അനുസരിച്ചാണ് വർക്കുബുക്കുകൾ കൊണ്ടുപോകേണ്ടത്.

*V. 26/2017* **സ്കോളർഷിപ്പ് പരീക്ഷ**

തീയതി : ഏപ്രിൽ 18 ചൊവ്വ

സമയം : 10.30 - 12.30

**പരീക്ഷാകേന്ദ്രങ്ങൾ**

| | | |
|---|---|---|
| Kothamangalam | - | SAGHS |
| Muvattupuzha | - | SAGHS |
| Vazhakulam | - | Little Theresa's GHS |
| Thodupuzha | - | St. Sebastian's UPS |
| Muthalakodam | - | St. George's HS |
| Karimannoor | - | Holy Family UPS |
| Paingottoor | - | St. Joseph HSS |

*V.27/2017* **12-ാം ക്ലാസ്സിലെ കുട്ടികൾക്ക് യാത്രയയപ്പ്**

വിശ്വാസോത്സവത്തിന്റെ അവസാനദിവസത്തെ വി. കുർബാന 12-ാം ക്ലാസ്സിലെ കുട്ടികൾക്കായി പ്രത്യേകം അർപ്പിക്കുകയും അവർക്ക് നല്ല യാത്രയയപ്പ് നൽകുകയും ചെയ്യുന്നത് ഉചിതമായിരിക്കും. സാധിക്കുമെങ്കിൽ മാതാപിതാക്കളെയും സംബന്ധിപ്പിക്കേണ്ടതാണ്.

*V. 28/2017* **ക്യാറ്റകെറ്റിക്കൽ കമ്മിറ്റി : ഏപ്രിൽ 20**

നടപ്പുവർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തുന്നതിനും അടുത്ത അദ്ധ്യയന വർഷത്തിലെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്തുന്നതിനും വേണ്ടി, രൂപതാ ക്യാറ്റകെറ്റിക്കൽ കമ്മിറ്റിയുടെ മീറ്റിംഗ് ബിഷപ്സ് ഹൗസിൽ വച്ച് 2017 ഏപ്രിൽ 20-ാം തീയതി വ്യാഴാഴ്ച 10.30 am-ന് നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്നു. എല്ലാ



അംഗങ്ങളും പങ്കെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്. **കത്ത് കിട്ടാത്തവർ ഇതൊരറിയിപ്പായി കണക്കാക്കുമല്ലോ.**

*Director*

## Corporate Educational Agency

*Edn. 11/2017* **യാത്രയയപ്പ്, അവാർഡുദാനം, അഭിവന്ദ്യ പിതാവിന് നാമഹേതുകതിരുനാൾ ആശംസകൾ**

**തീയതി** - 18-03-2017

**സമയം** - 10.00 am

**സ്ഥലം** - NESTT മൂവാറ്റുപുഴ

ഈ വർഷം സർവീസിൽ നിന്നും വിരമിക്കുന്ന എല്ലാ അദ്ധ്യാപക അനദ്ധ്യാപകരെയും പ്രധാന അദ്ധ്യാപകരെയും ഈ മീറ്റിംഗിലേക്ക് സ്നേഹപൂർവം സ്വാഗതം ചെയ്യുന്നു. 2016-2017 അദ്ധ്യയനവർഷത്തിൽ രൂപതാതലത്തിൽ നടത്തിയ Catechism/Moral Science മത്സര പരീക്ഷയിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടിയ കുട്ടികൾക്ക് അഭിവന്ദ്യപിതാവ് സമ്മാനങ്ങൾ നൽകുന്നതായിരിക്കും. രൂപതയിലെ മികച്ച സ്കൂളുകൾക്കും അദ്ധ്യാപക- അനദ്ധ്യാപകർക്കുമുള്ള അവാർഡുകളും ഈ സമ്മേളനത്തിൽ വച്ച് നൽകുന്നതാണ്.

*Edn.12/2017* **ശ്രീ. ജോസ് പിട്ടാപ്പിള്ളിൽ സ്കോളർഷിപ്പ്**

കോതമംഗലം രൂപതാവിദ്യാഭ്യാസ ഓഫീസിൽ 42 വർഷം സെക്രട്ടറിയായി സേവനം ചെയ്തിരുന്ന ശ്രീ. ജോസ് പിട്ടാപ്പിള്ളിയുടെ സ്മരണയ്ക്കായി ഏർപ്പെടുത്തിയിട്ടുള്ള സ്കോളർഷിപ്പിന് 2015-16 അദ്ധ്യയനവർഷം അർഹയായിരിക്കുന്നത് കുണിഞ്ഞി സെന്റ് ആന്റണീസ് ഹൈസ്കൂളിലെ അഞ്ജു സി.പി. എന്ന കുട്ടിയാണ്. മാർച്ച് 18-ാം തീയതി നെസ്റ്റിൽ വച്ച് നടക്കുന്ന സമ്മേളനത്തിൽ പ്രസ്തുത കുട്ടിക്ക് അഭിവന്ദ്യപിതാവ് സ്കോളർഷിപ്പ് നൽകുന്നതാണ്.

*Edn. 13/2017* **പ്രധാന അദ്ധ്യാപക യോഗം**

2017 മാർച്ച് 18-ാം തീയതി മൂവാറ്റുപുഴ നെസ്റ്റിൽ വച്ചു നടക്കുന്ന സമ്മേളനത്തിൽ എല്ലാ പ്രധാന അദ്ധ്യാപകരും, ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗത്തിൽ നിന്നുള്ള സ്റ്റാഫ് സെക്രട്ടറിമാരും പങ്കെടുക്കേണ്ടതാണെന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. എൽ.പി., യു.പി. വിഭാ

ഗത്തിൽ നിന്ന് ഹെഡ്മാസ്റ്റർമാർ മാത്രം പങ്കെടുത്താൽ മതി. സ്കൂൾ മെയിന്റനൻസ് Fund -ന്റെ കണക്ക് തദവസരത്തിൽ അവതരിപ്പിക്കുന്നതായിരിക്കും.

*Edn. 14/2017* **കോതമംഗലം സെന്റ് ജോർജ് ഹയർ സെക്കന്ററി സ്കൂളിന് മികച്ച വിജയം**

ഈ അദ്ധ്യയന വർഷം നടന്ന വിവിധ മേളകളിൽ കോതമംഗലം സെന്റ് ജോർജ് ഹയർ സെക്കന്ററി സ്കൂൾ അഭിമാനാർഹമായ വിജയമാണ് നേടിയത്.

| | |
|---|---|
| സബ് ജില്ല പ്രവൃത്തിപരിചയമേള | ഓവറോൾ |
| ജില്ലാതല പ്രവൃത്തിപരിചയമേള | ഓവറോൾ |
| സംസ്ഥാനതല പ്രവൃത്തിപരിചയമേള | എല്ലാ കുട്ടികൾക്കും A Grade |
| സബ്ജില്ല കലോത്സവം | HSS വിഭാഗത്തിൽ റണ്ണേഴ്സ് അപ്പ് |
| സബ്ജില്ല കായികമേള | റണ്ണേഴ്സ് അപ്പ് |
| ജില്ല കായികമേള | റണ്ണേഴ്സ് അപ്പ് |
| സംസ്ഥാന കായികമേള | മൂന്നാംസ്ഥാനം |
| ദേശീയ കായികമേള (Boys Under 19) | മൂന്നാംസ്ഥാനം |
| ദേശീയ കായികമേള (Boys Under 14) | രണ്ടാം സ്ഥാനം |
| സബ്ജില്ല സാമൂഹ്യശാസ്ത്രമേള | റണ്ണേഴ്സ് അപ്പ് |

രൂപതാതലത്തിൽ നടത്തിയ KCSL മത്സരങ്ങളിലും സെന്റ് ജോർജിലെ കുട്ടികൾ മികച്ച വിജയം നേടി. രൂപതയിലെ ഏറ്റവും മികച്ച കുട്ടികളെ തെരഞ്ഞെടുക്കുവാൻ നടത്തിയ Excellent Award മത്സരത്തിൽ ഈ സ്കൂളിലെ +2 വിദ്യാർത്ഥിനിയായ കുമാരി അമല സേവി രണ്ടാം സ്ഥാനം നേടി. സംസ്ഥാനതലത്തിൽ നടത്തിയ മത്സരങ്ങളിൽ അമല സേവി, സാന്ദ്രമരിയ സോണി, ആൽബിൻ ബിനു എന്നിവർ ക്വിസ്, സ്കോളർഷിപ്പ് ഇനങ്ങളിൽ രണ്ടാംസ്ഥാനം നേടി.

ഉന്നതവിജയത്തിനുടമകളായ എല്ലാ കുട്ടികളെയും അവരെ പ്രോത്സാഹിപ്പിച്ച അധ്യാപകരെയും അഭിനന്ദിക്കുന്നു.

*Secretary*



## തിരുബാലസഖ്യം

*HC 5 /2017* **തിരുബാലസഖ്യദിനം, പ്രവർത്തന വർഷ ഉദ്ഘാടനം**

ഈ വർഷത്തെ തിരുബാലസഖ്യ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം ഫെബ്രുവരി 11-ാം തീയതി അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് നിർവ്വഹിച്ചു. തിരുബാലസഖ്യദിനമായി ആഘോഷിച്ച അന്നേദിവസം നടന്ന സമ്മേളനത്തിൽ വിവിധ ശാഖകളിൽ നിന്നായി മുന്നൂറോളം പേർ പങ്കെടുത്തു.

*HC 6 /2017* **മാർഗ്ഗരേഖ, പ്രാർത്ഥനാ പുസ്തകം**

പ്രവർത്തനവർഷ മാർഗ്ഗരേഖയും പ്രാർത്ഥനാപുസ്തകവും ഓഫീസിൽ ലഭ്യമാണ്. ആവശ്യമുള്ളവർ ഓഫീസുമായി ബന്ധപ്പെടുക.

*Director*

## ചെറുപുഷ്പമിഷൻലീഗ്

*CML 15 /2017* **കുട്ടികൾക്കായുള്ള ധ്യാനം**

കുട്ടികൾക്കായുള്ള അവധിക്കാല ധ്യാനം ഏപ്രിൽ മാസത്തിൽ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തുന്നു.

യു.പി. വിഭാഗക്കാർക്കുള്ള ധ്യാനം ഏപ്രിൽ 10-ാം തീയതി രാവിലെ 9.30-ന് ആരംഭിച്ച് ഏപ്രിൽ 12-ാം തീയതി വൈകുന്നേരം 4 മണിക്ക് അവസാനിക്കുന്നു.

എച്ച്.എസ്., എച്ച്.എസ്.എസ്. കുട്ടികൾക്കുള്ള ധ്യാനം ഏപ്രിൽ 17-ാം തീയതി രാവിലെ 9.30 ന് ആരംഭിച്ച് 19-ാം തീയതി വൈകുന്നേരം 4 മണിക്ക് അവസാനിക്കുന്നു.

ധ്യാനത്തിന്റെ ഫീസ് 500 രൂപയായിരിക്കും. പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണം മാർച്ച് 30-ന് മുമ്പ് ഓഫീസിൽ എത്തിക്കുമല്ലോ.

*CML 16/2017* **കൈയെഴുത്തു മാസിക മത്സരം**

രൂപതാ തലത്തിലുള്ള കൈയെഴുത്തു മാസിക നിർമ്മാണ മത്സരം ഏപ്രിൽ 22-ാം തീയതി രാവിലെ 9.30-ന് മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂളിൽ വച്ച് നടത്തുന്നു. വിശദവിവരങ്ങൾ രൂപതാ മാർഗ്ഗ

രേഖയുടെ 34-ാം പേജിൽ നൽകിയിട്ടുണ്ട്. എല്ലാ ശാഖകളും പങ്കെടുക്കുമല്ലോ.

*CML 17 /2017* **ചെറുസൂനം ക്വിസ് രൂപതാ തലം**

ചെറുസൂനം ക്വിസ് രൂപതാ തല മത്സരം ഏപ്രിൽ 22-ാം തീയതി രാവില 9.30-ന് മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂളിൽ വച്ച് നടത്തുന്നു. ശാഖാതല ക്വിസ് മത്സരത്തിന്റെ മൂല്യനിർണ്ണയം നടത്തിയ ഉത്തരക്കടലാസുകളും മാർക്കുലിസ്റ്റും ഓഫീസിൽ എത്തിക്കാത്തവർ ഉണ്ടെങ്കിൽ ഉടൻ എത്തിക്കുമല്ലോ.

*CML 18 /2017* **ശാഖ-മേഖല റിപ്പോർട്ടുകൾ**

ശാഖയിൽ നിന്നുള്ള വാർഷിക റിപ്പോർട്ടുകൾ ഏപ്രിൽ 30-ന് മുമ്പായി മേഖലാ കേന്ദ്രത്തിൽ എത്തിക്കണം. മേഖലയിൽ നിന്നുള്ള വിലയിരുത്തലുകൾക്കുശേഷം അവ മെയ് 15-ന് മുമ്പായി രൂപതാ കേന്ദ്രത്തിൽ ഏല്പിക്കുക. മേഖലയുടെ വാർഷിക റിപ്പോർട്ട് മെയ് 31-ന് മുമ്പായി രൂപതാ കേന്ദ്രത്തിൽ എത്തിക്കുക.

*CML 19 /2017* **വെബ്സൈറ്റ്**

മിഷൻ ലീഗ്, കെ.സി.എസ്.എൽ., തിരുബാലസഖ്യ സംഘടനകൾക്ക് പുതിയ വെബ്സൈറ്റ് www.cmlkcslkothamangalam.com ഓരോ ശാഖ/യൂണിറ്റിലെയും അംഗങ്ങളുടെ പേരുവിവരങ്ങൾ ഈ വെബ്സൈറ്റിൽ ചേർക്കേണ്ടതാണ്.

ലോഗിൻ ചെയ്യുന്ന വിധം

* www.cmlkcslkothamangalam.com ↵ Enter
* Home Page - ൽ അതാത് സംഘടനയുടെ Emblem Click ചെയ്യുക.
* Menu Bar - ൽ log in click ചെയ്യുക.
* നിങ്ങളുടെ ശാഖ / യൂണിറ്റിന്റെ Username, Password ഉപയോഗിച്ച് കയറി entry നടത്തുക.
* Complete ആയി കഴിയുമ്പോൾ print option click ചെയ്ത് pdf file print ചെയ്യുക.
* മത്സരങ്ങളുടെ രജിസ്ട്രേഷൻ Online അടിസ്ഥാനത്തിൽ ആയിരിക്കും.

Director



## കെ.സി.എസ്.എൽ.

*KCSL 9/2017* **സംസ്ഥാന ക്യാമ്പ്**

കെ.സി.എസ്.എൽ സംസ്ഥാന ക്യാമ്പ് ഏപ്രിൽ 24 മുതൽ 27 വരെ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തുന്നു. ക്യാമ്പ് 24-ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് ആരംഭിച്ച് 27-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം അവസാനിക്കും. നമ്മുടെ രൂപതയിലെ ഓരോ യൂണിറ്റുകളിൽ നിന്നും 5 കുട്ടികൾ വീതം ക്യാമ്പിൽ പങ്കെടുക്കേണ്ടതാണ്.

Director

## ദീപിക ഫ്രണ്ട്സ് ക്ലബ്ബ് (DFC)

*DFC 11/2017* **രൂപത, ഫൊറോന, ഇടവക മീറ്റിംഗുകൾ**

DFC രൂപത കമ്മിറ്റി ഫെബ്രുവരി 2-ാം തീയതി കോതമംഗലം ബിഷപ്പ്സ് ഹൗസിൽ വച്ച് ചേർന്ന് ഫൊറോന ഇടവക സമിതികൾ ശക്തിപ്പെടുത്താൻ തീരുമാനിച്ചു. അതനുസരിച്ച് ഊന്നുകൽ, കാളിയാർ, പൈങ്ങോട്ടൂർ, മുതലക്കോടം, തൊടുപുഴ ഫൊറോനകളിലും വാഴക്കാല, ഉടുമ്പന്നൂർ, വണ്ടമറ്റം ഇടവകകളിലും യോഗങ്ങൾ ചേരുകയും രൂപത ഡയറക്ടർ, പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ നേതൃത്വത്തിൽ ബോധവത്കരണവും തുടർനിർദ്ദേശങ്ങളും നൽകുകയും ചെയ്തു.

*DFC 12/2017* **ഇടവകകളിൽ ഭവനസന്ദർശനം**

DFC ഇടവക യൂണിറ്റുകളുടെ നേതൃത്വത്തിൽ ഭവന സന്ദർശനം നടത്തി. ദീപിക പ്രചാരണം സംബന്ധിച്ചുള്ള അഭിവന്ദ്യ പിതാവിന്റെ കത്തും സമ്മതപത്രവും വിതരണം ചെയ്യുന്നതാണ്. പൂരിപ്പിച്ച സമ്മത പത്രങ്ങൾ സോർട്ട് ചെയ്ത് പത്രം വാങ്ങാൻ താല്പര്യമുള്ളവർക്ക് അത് എത്തിച്ചുകൊടുക്കുന്നതുമാണ്.

*DFC 13/2017* **രൂപത ക്യാമ്പ്**

DFC സംസ്ഥാന സമിതിയുടെ തീരുമാനപ്രകാരമുള്ള രൂപത ക്യാമ്പ് മാർച്ച് 22 മുതൽ നടത്താൻ തീരുമാനിച്ചിരിക്കുന്നു. ക്യാമ്പിന്

ദീപികയുടെയും DFC-യുടെയും സംസ്ഥാന രൂപത നേതാക്കൾ നേതൃത്വം നൽകുന്നതാണ്.

*Co-ordinator*

## യുവദീപ്തി

*YD 6 /2017* **കെസിവൈഎം. സംസ്ഥാന വാർഷിക സെനറ്റ് സമ്മേളനവും തെരഞ്ഞെടുപ്പും**

എറണാകുളം അങ്കമാലി അതിരൂപതയുടെ ആഭിമുഖ്യത്തിൽ നടന്ന 39-ാമത് കെ.സി.വൈ.എം. സംസ്ഥാന വാർഷിക സെനറ്റ് സമ്മേളനവും തെരഞ്ഞെടുപ്പും 2017 ജനുവരി 13, 14, 15 തീയതികളിൽ കാർഡിനൽ പാറേക്കാട്ടിൽ നഗറിൽ വച്ച് നടന്നു. കെ.സി.വൈ.എം. കോതമംഗലം രൂപതയെ പ്രതിനിധീകരിച്ച് റവ. ഫാ. സെബാസ്റ്റ്യൻ കണിമറ്റത്തിൽ, റവ. സി. അലീന FCC, ടോം ചക്കാലക്കുന്നേൽ, സിറിൽ അത്തിക്കൽ, അജിൻ മുണ്ടോളിക്കൽ, ആന്റോ ആന്റണി, സീലിയ ജോസ്, അമൽ ആന്റണി എന്നിവർ പങ്കെടുത്തു.

*YD 7 /2017* **NYC– 2017, ICYM നാഷണൽ യൂത്ത് കൺവെൻഷൻ**

2017 ജനുവരി 18-ാം തീയതി മുതൽ 22-ാം തീയതി വരെ നടന്ന ICYM നാഷണൽ യൂത്ത് കൺവെൻഷൻ മാംഗ്ലൂരിൽ വച്ച് നടന്നു. ഇന്ത്യയുടെ വിവിധ പ്രദേശങ്ങളിൽ നിന്നായി ആയിരക്കണക്കിന് യുവജനപ്രതിനിധികൾ പങ്കെടുത്തു. കോതമംഗലം രൂപതയെ പ്രതിനിധീകരിച്ച് രൂപതാപ്രസിഡന്റ് ടോം ചക്കാലക്കുന്നേലും ജനറൽ സെക്രട്ടറി സിറിൽ ജോസഫ് അത്തിക്കലും പങ്കെടുത്തു.

*YD 8 /2017* **ഫൊറോന കൗൺസിലുകൾ**

ഫൊറോനതലത്തിൽ പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുന്നതിനായുള്ള ഫൊറോന കൗൺസിലുകൾ രൂപതാ ഭാരവാഹികളുടെ നേതൃത്വത്തിൽ നടത്തിവരുന്നു. ഇതുവരെയും കൗൺസിലുകൾ നടത്താത്ത ഫൊറോനകളിൽ എത്രയും വേഗം കൗൺസിൽ നടത്തി തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളുടെ അഡ്രസ്സുകൾ രൂപത ഓഫീസിൽ എത്തിക്കുവാൻ ബഹു. ഡയറക്ടറച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

*Director*



## ജീസസ് യൂത്ത്

*JY 4 /2017* **നൈറ്റ് വിജിൽ**

ജീസസ് യൂത്ത് കോതമംഗലം സോൺ നൈറ്റ് വിജിൽ ഫെബ്രുവരി 10-ാം തീയതി 6.00 pm മുതൽ 12.00 am വരെ നെസ്റ്റിൽ വച്ച് നടന്നു. അടുത്ത നൈറ്റ് വിജിൽ മാർച്ച് 10-ാം തീയതി വെള്ളിയാഴ്ചയായിരിക്കും.

*JY 5 /2017* **Campus Team**

ജീസസ് യൂത്ത് സോണൽ ക്യാമ്പസ് ടീം പുനഃസംഘടിപ്പിച്ചു. Campus team Co-ordinator ആയി മാത്യു തോമസ് (നിർമ്മല കോളേജ്) തിരഞ്ഞെടുക്കപ്പെട്ടു.

*JY 6 /2017* **ജീസസ് യൂത്ത് കേരള കൗൺസിൽ**

ജീസസ് യൂത്ത് കേരള കൗൺസിൽ പുനഃസംഘടിപ്പിച്ചു. ടീമിൽ അംഗമായ കോതമംഗലത്ത് നിന്നുള്ള ഷെറി എബ്രാഹത്തിനും പുതിയ ടീമിനും അഭിനന്ദനങ്ങളും പ്രാർത്ഥനാശംസകളും നേരുന്നു.

*Animator*

## ഫാമിലി അപ്പോസ്റ്റലേറ്റ്

*FA 7 /2017* **രൂപതാ കൗൺസിൽ**

ഫെബ്രുവരി 17-ാം തീയതി ഫാമിലി അപ്പോസ്റ്റലേറ്റ് രൂപതാകൗൺസിൽ NESTT പാസ്റ്ററൽ സെന്ററിൽ ചേർന്നു. രൂപതാ പ്രസിഡന്റ് അഡ്വ. തോമസ് മാത്യുവിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗം രൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ വലിയതാഴത്ത് ഉദ്ഘാടനം ചെയ്തു. കോ- ഓർഡിനേറ്റർ ശ്രീ. കുര്യാച്ചൻ കണ്ടത്തിൽ പ്രസംഗിച്ചു. സെക്രട്ടറി ജെയ്സി ബെന്നി റിപ്പോർട്ട് അവതരിപ്പിച്ചു. രൂപതാ ഭാരവാഹികളായ എ.റ്റി. മാത്യു ഏർത്തടത്തിൽ, ജോർജ് വടക്കുംപറമ്പിൽ, സെലിൻ അബ്രാഹം, ലില്ലി പോൾസൺ എന്നിവർ ചർച്ചകൾക്ക് നേതൃത്വം കൊടുത്തു. 2017-18 പ്രവർത്തന വർഷത്തെ കർമ്മപദ്ധതികൾക്ക് കൗൺസിൽ രൂപം നൽകി.

*FA 8 /2017* **ഫൊറോന സംഗമങ്ങൾ**

ഫെബ്രുവരി 18-ാം തീയതിയിൽ മൈലക്കൊമ്പ് ഫൊറോനയിലും 25-ന് ആരക്കുഴ ഫൊറോനയിലും അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടിൽ പിതാവിന്റെ അദ്ധ്യക്ഷതയിൽ ഫൊറോനസംഗമങ്ങൾ നടത്തി. കോതമംഗലം ഫൊറോന സംഗമം മാർച്ച് 11 ശനിയാഴ്ച കോതമംഗലം കത്തീഡ്രൽ പാരീഷ് ഹാളിലും വാഴക്കുളം ഫൊറോന സംഗമം മാർച്ച് 18 ശനിയാഴ്ച വാഴക്കുളം സെന്റ് ജോർജ്ജ് പാരീഷ്ഹാളിലും നടത്തുന്നു. രാവിലെ 9 മണിക്ക് ആരംഭിച്ച് 4.00 മണിക്ക് അവസാനിക്കുന്നതാണ്. ഇടവക, ഫൊറോന വാർഡുതല പ്രതിനിധികളാണ് സംഗമത്തിൽ പങ്കെടുക്കേണ്ടത്. സംഗമങ്ങളിൽ രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് അനുഗ്രഹപ്രഭാഷണം നടത്തും.

*FA 9 /2017* **രൂപതാ എക്സിക്യൂട്ടീവ്**

രൂപതാ എക്സിക്യൂട്ടീവ് മാർച്ച് 17-വെള്ളിയാഴ്ച രാവിലെ 10 മണിമുതൽ 2.00 മണി വരെ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ ചേരുന്നു.

*FA 10/2017* **വിവാഹ ഒരുക്ക സെമിനാർ**

| | | | |
|---|---|---|---|
| Mar. | 1 - 3 | - | NESTT |
| " | 15 - 17 | - | NESTT |

*FA 11 /2017* **Marriage Preparation Course in Kerala, March 2017**

| DIOCESE / ARCHDIOCESE | 1st Week | 2nd Week | 3rd Week | 4th Week |
|---|---|---|---|---|
| Alappuzha | | 10-12 | | |
| Bathery | | 10-13 | | |
| Changanachery | | 6-8 | 13-15 | 20-22 |
| Ernakulam (Kaloor) | 6-8 | 13-15 | 20-22 | 27-29 |
| Ernakulam (Kalady) | | | 21-23 | 28-30 |
| Idukki | 1-3 | | | 27-29 |
| Irinjalakuda | | | 20-22 | 27-29 |
| Kanjirappally | | 6-8 | | 23-25 |
| Kochi (Latin) | | 9-12 | | 23-26 |
| Kollam (Latin) | | 8-10 | 15-17 | 29-31 |
| Kothamangalam | 1-3 | | 15-17 | |



| | | | | |
|---|---|---|---|---|
| Kottappuram (Latin) | 2-4 | | | |
| Mananthavady | 3-6 | 12-15 | | |
| Mavelikkara (Malankara) | | 10-12 | | |
| Neyyattinkara (Latin) | | 8-10 | | |
| Pala | | 13-15 | | 27-29 |
| Palakkad | 6-9 | | | |
| Pathanmthitta | | 10-12 | | |
| Punalur | | 9-12 | | |
| Thalassery | 7-9 | | 21-23 | |
| Thamarassery | | 8-11 | | 22-25 |
| Thiruvalla | | 7-9 | 21-23 | |
| Thiruvananthapuram (Latin) | 6-8 | | | 24-26 |
| Thiruvananthapuram (Malankara) | | 10-12 | | |
| Thrissur | 1-3 | 8-10 | 15-17 | 22-24<br>29-31 |
| Varappuzha | 3-5 | | 17-19 | |
| Vijyapuram | | 9-11 | | |

*Director*

## മാതൃവേദി

*MV 4 /2017* **ഉണർവ്വ് 2017**

ഉണർവ്വ് 2017 പ്രോഗ്രാമിന്റെ ഉദ്ഘാടനം ഫെബ്രുവരി 19-ാം തീയതി നെസ്റ്റിൽ വച്ച് നടന്ന സമ്മേളനത്തിൽ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ട ത്തിൽ പിതാവ് നിർവഹിച്ചു. ഉണർവ്വിന്റെ ആദ്യബാച്ചിൽ 56 അമ്മമാർ അഡ്മിഷൻ എടുത്തു. ശ്രീ. പ്രയാഗ് ജി. "മൈന്റ് പവർ" എന്ന വിഷയത്തെപ്പറ്റി ക്ലാസ്സ് എടുത്തു.

*MV 5 /2017* **മത്സരങ്ങൾ**

ഫെബ്രുവരി 14-ാം തീയതി ചൊവ്വാഴ്ച 9.30 am -ന് സങ്കീർത്തനാലാപനം, മദർ തെരേസ ക്വിസ് എന്നീ മത്സരങ്ങൾ നെസ്റ്റിൽ വച്ച് നടത്തി. ഫൊറോന തലത്തിൽ ഒന്നാംസ്ഥാനം നേടിയവർ ആണ് രൂപതാതലമത്സരത്തിൽ പങ്കെടുത്തത്.

*MV 6 /2017* **ലോകവനിതാദിനം**

മാർച്ച് 8 – ലോകവനിതാദിനം. അന്നേദിവസം രൂപതാതലത്തിൽ നെസ്റ്റിൽ വച്ച് മാതൃവേദിയുടെ ആഭിമുഖ്യത്തിൽ വിപുലമായ രീതിയിൽ ആഘോഷിക്കുന്നു. ഏറ്റവും മുതിർന്ന മാതൃവേദി അംഗങ്ങളെയും സാമൂഹ്യസാംസ്കാരിക മേഖലകളിലെ പ്രഗത്ഭരായ അമ്മമാരെയും ആദരിക്കുന്നു. അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് ഉദ്ഘാടനകർമ്മം നിർവഹിക്കുന്നു.

*MV 7 /2017*

മാർച്ച് 21-ാം തീയതി ചൊവ്വാഴ്ച ഉണർവ്വ് ട്രെയിനിംഗ് പ്രോഗ്രാമിന്റെ രണ്ടാമത്തെ ക്ലാസ്സ് നെസ്റ്റിൽ വച്ച് നടത്തുന്നു.

*MV 8 /2017*

മാതൃവേദി രൂപതാഭാരവാഹികളുടെ നേതൃത്വത്തിൽ നെസ്റ്റിൽ ഒരു മാതൃകാ കൃഷിത്തോട്ടം തുടങ്ങുവാൻ തീരുമാനിച്ചു.

*Director*

## D.C.M.S.

*DCMS 3 /2017* **ഉപവാസപ്രാർത്ഥന**

DCMS രൂപതാസമിതിയുടെ ആഭിമുഖ്യത്തിൽ കല്ലൂർക്കാട് ഇടവക പള്ളിയിൽ വച്ച് ഫെബ്രുവരി 1-ാം തീയതി രാവിലെ 9.00 മണി മുതൽ 4.00 മണി വരെ ബ. ടോം ഉഴുന്നാലിൽ അച്ചന്റെ മോചനത്തിനായി ഉപവാസപ്രാർത്ഥന നടത്തി.

*Director*

## ഓൾ കേരള കാത്തലിക് കോൺഗ്രസ് (AKCC)

*AKCC 4 /2017* **പ്രാർത്ഥനാ കാർഡ് വിതരണം**

യമനിൽ ഭീകരരുടെ തടങ്കലിൽ കഴിയുന്ന ബ. ടോം ഉഴുന്നാലിൽ അച്ചന്റെ മോചനത്തിനും ഭീകരരുടെ മാനസാന്തരത്തിനുമായി 5000 പ്രാർത്ഥനാകാർഡുകൾ വിതരണം ചെയ്തു. ഇതിന്റെ വിതരണോദ്ഘാടനം കത്തോലിക്കാ കോൺഗ്രസ് രൂപത ഡയറക്ടറും വികാരി ജനറാളുമായ മോൺ. ജോർജ് ഓലിയപ്പുറം 16-01-2017-ൽ തൊടുപുഴയിൽ ചേർന്ന കത്തോലിക്കാകോൺഗ്രസ് രൂപതാ വർക്കിംഗ് കമ്മിറ്റിയോഗത്തിൽ വച്ച് നിർവ്വഹിച്ചു.



*AKCC 5 /2017* **ജപമാല റാലിയും പ്രാർത്ഥനയും**

ബ. ടോം ഉഴുന്നാലിൽ അച്ചന്റെ മോചനത്തിനായി കോതമംഗലം രൂപത കത്തോലിക്കാ കോൺഗ്രസ്സിന്റെ നേതൃത്വത്തിൽ നടത്തിയ ജപമാല റാലി കുടുംബകൂട്ടായ്മകൾ, ഭക്തസംഘടനകൾ, സന്യാസസമൂഹങ്ങൾ എന്നിവരുടെ സജീവ പങ്കാളിത്തത്തോടെ 2017 ജനുവരി 26-ാം തീയതി ഉച്ചകഴിഞ്ഞ് 3.00 മണിക്ക് തൊടുപുഴ ഡിവൈൻ മേഴ്സിഷ്റൈനിൽ നിന്ന് ആരംഭിച്ച് തൊടുപുഴ ടൗൺ പള്ളിയിൽ സമാപിച്ചു. റാലിയിൽ കോതമംഗലം രൂപതാദ്ധ്യക്ഷൻ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ, വികാരി ജനറാൾമാർ, ബഹു. വൈദികർ, സിസ്റ്റേഴ്സ് എന്നിവരും ധാരാളം ഭക്തജനങ്ങളും പങ്കെടുത്തു.

*AKCC 6 /2017* **ഡൽഹിയിൽ പ്രതിഷേധ ധർണ**

ബ. ടോം ഉഴുന്നാലിൽ അച്ചന്റെ മോചനത്തിനായി കേന്ദ്രസർക്കാർ സജീവമായി ഇടപെടണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കത്തോലിക്കാ കോൺഗ്രസിന്റെയും ഫരീദാബാദ് രൂപതയുടെയും സംയുക്താഭിമുഖ്യത്തിൽ ഡൽഹി ജന്തർ മന്തറിൽ പ്രതിഷേധ ധർണയും പ്രാർത്ഥനയും നടത്തി. ഫരീദാബാദ് ആർച്ച് ബിഷപ്പ് മാർ കുര്യാക്കോസ് ഭരണികുളങ്ങര, കേരളത്തിൽ നിന്നുള്ള എം.പി. മാർ, നൂറുകണക്കിന് കത്തോലിക്കാ കോൺഗ്രസ് നേതാക്കൾ എന്നിവർ ധർണയിലും പ്രാർത്ഥനയിലും പങ്കെടുത്തു.

*Director*

## Emmanuel Retreat Centre, Vazhakulam

*ERC 2 /2017* **രോഗീദിനം**

2017 ജനുവരി മാസം 14 ശനിയാഴ്ച ധ്യാനകേന്ദ്രത്തിൽ രോഗീദിനം ആചരിച്ചു. മാരകരോഗങ്ങളാൽ വേദനിക്കുന്നവർ പ്രത്യേകിച്ച് ക്യാൻസർ രോഗികൾ, കിഡ്നി രോഗികൾ എന്നിവർക്കും അവരുടെ കുടുംബങ്ങൾക്കുംവേണ്ടി രാവിലെ 9 മണി മുതൽ ഉച്ചക്ക് 1 മണിവരെ പ്രത്യേക പ്രാർത്ഥനാശുശ്രൂഷകൾ നടത്തി.

*ERC 3 /2017* **വിടുതൽ ശുശ്രൂഷ**

ജോലി തടസ്സം, വിവാഹ തടസ്സം, കുഞ്ഞുങ്ങളില്ലാത്ത അവസ്ഥ, പഠനവൈകല്യം തുടങ്ങിയ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നവർക്കായി ജനുവരി 21-ാം തീയതി ശനിയാഴ്ച പ്രാർത്ഥനാ ശുശ്രൂഷ നടത്തി. ധ്യാനകേന്ദ്രം ഡയറക്ടറച്ചനും, അസി. ഡയറക്ടറച്ചനും ശുശ്രൂഷകൾ നയിച്ചു.

*ERC 4 /2017* **രാത്രി ആരാധന**

ജനുവരി മാസത്തെ രാത്രി ആരാധന 27-ാം തിയതി വെള്ളിയാഴ്ച വൈകിട്ട് 4.30 മുതൽ രാത്രി 10 മണിവരെ നടത്തി. കുരിശിന്റെ വഴി, വി. കുർബാന, വചനപ്രഘോഷണം, ദിവ്യകാരുണ്യ ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം തുടങ്ങിയ ശുശ്രൂഷകൾ നടന്നു. ബ്ര. വി. വി. അഗസ്റ്റിൻ (ഇടുക്കി തങ്കച്ചൻ) വചനപ്രഘോഷണം നടത്തി. ധ്യാന കേന്ദ്രം ഡയറക്ടർ ഫാ. ജോർജ് ചേറ്റൂർ അസി. ഡയറക്ടർ ഫാ. വർഗീസ് പാറമേൽ എന്നിവർ നേതൃത്വം നൽകി.

*ERC 5 /2017* **മദ്ധ്യസ്ഥ പ്രാർത്ഥന**

തിരുസഭയ്ക്കും, സഭാ നേതൃത്വത്തിനും, വൈദികർ, സന്യസ്തർ, മിഷനറിമാർ, അല്മായ ശുശ്രൂഷകർ, കുടുംബങ്ങൾ, യുവജനങ്ങൾ എന്നിവർക്കുംവേണ്ടിയുള്ള മദ്ധ്യസ്ഥ പ്രാർത്ഥന 31-ാം തിയതി വൈകിട്ട് 6.30 മുതൽ രാത്രി 9 മണി വരെ നടത്തി. തൊടുപുഴ കേന്ദ്രമായി ശുശ്രൂഷ ചെയ്യുന്ന "വിസ്ഡം മിഷൻ" (Wisdom Mission) അംഗങ്ങൾ ശ്രീ. ബേബി ജോൺ കലയന്താനി, അഡ്വ. കുഞ്ഞച്ചൻ മാറാട്ടിൽ എന്നിവർ നേതൃത്വം നല്കി. അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ സമാപനാശീർവാദത്തോടുകൂടി പ്രാർത്ഥന സമാപിച്ചു.

*ERC 6 /2017* **2017 മാർച്ച് മാസത്തിലെ ശുശ്രൂഷകൾ**

1 4-3-17 ഒന്നാം ശനി

എമ്മാനുവേൽ ഏകദിന കൺവെൻഷൻ, ജപമാല, വി. കുർബാന, വചന പ്രഘോഷണം ആരാധന - രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1 മണിവരെ

2 9-3-17 രണ്ടാം വ്യാഴം

ബഹു. വൈദികരുടെ കൂട്ടായ്മ വൈകിട്ട് 7 മുതൽ 9 മണിവരെ.



3 11-3-17 രോഗീദിനം (രണ്ടാം ശനി)

ക്യാൻസർ രോഗം, കിഡ്നി രോഗം മറ്റു മാരകരോഗങ്ങളാൽ വിഷമിക്കുന്ന രോഗികൾക്കുവേണ്ടി പ്രാർത്ഥനാശുശ്രൂഷ, ജപമാല, വി. കുർബാന, ദിവ്യകാരുണ്യ ആരാധന, അഭിഷേക പ്രാർത്ഥന - 9.00 pm മുതൽ 1.00 pm വരെ.

4 18-3-17 മൂന്നാംശനി - വിടുതൽ ശുശ്രൂഷ

വിവാഹ തടസ്സം, ജോലി തടസ്സം, കുഞ്ഞുങ്ങളില്ലാത്ത അവസ്ഥ, പഠനവൈകല്യം ഈവിധ പ്രശ്നങ്ങളാൽ വിഷമിക്കുന്നവർക്കുവേണ്ടി പ്രത്യേക പ്രാർത്ഥന, വി. കുർബാന, ആരാധന, വിടുതൽ ശുശ്രൂഷ - രാവിലെ 9.30 മുതൽ ഉച്ചക്ക് 1 മണിവരെ.

5 25-3-17 മാസാവസാനവെള്ളി

രാത്രി ആരാധന (Night Vigil). വൈകിട്ട് 4.30 മുതൽ കുരിശിന്റെ വഴി, വി. കുർബാന, വചനപ്രഘോഷണം ദിവ്യകാരുണ്യ ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം, ജപമാല പ്രദക്ഷിണം. രാത്രി 10 മണിക്ക് സമാപിക്കും.

*Director*

## പ്രാർത്ഥനാഗ്രൂപ്പ്

*PG 2 /2017* **സോണൽ കരിസ്മാറ്റിക് ദിനം**

കോതമംഗലം കരിസ്മാറ്റിക് പ്രാർത്ഥനാഗ്രൂപ്പിന്റെ നേതൃത്വത്തിൽ കാരക്കുന്നം സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് ജനുവരി 26-ന് സോണൽ കരിസ്മാറ്റിക് ദിനം ആചരിച്ചു.

ബ്ര. പാപ്പച്ചൻ പള്ളത്ത് വചന പ്രഘോഷണവും തുടർന്ന് റവ. ഫാ. ബിനോയ് ഝാർഖണ്ട് വചനപ്രഘോഷണവും ദിവ്യകാരുണ്യാരാധനയും നടത്തി. സോണൽ ആനിമേറ്റർ റവ. ഫാ. ജോർജ് കുരിശുംമൂട്ടിലിന്റെ കാർമ്മികത്വത്തിൽ വിശുദ്ധബലിയർപ്പിച്ചു. സോണൽ സർവീസ് ടീം അംഗങ്ങൾ നേതൃത്വം നൽകി. സബ്സോൺ സർവ്വീസ് ടീം അംഗങ്ങൾ, പ്രാർത്ഥനാഗ്രൂപ്പ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

*Director*

## അല്മായ ഫ്രാൻസിസ്കൻ സഭ

*SFO 9/2017* **രൂപതാ കലോത്സവം**

26-01-2017-ൽ മൂവാറ്റുപുഴ ഹോളിമാഗി ഭ്രാതൃത്വത്തിൽ നടത്തിയ രൂപതാ കലോത്സവത്തിൽ ഒന്നാംസമ്മാനർഹരായവർ

**വി. ഗ്രന്ഥ പരായണം**

അരുൺ ജോർജ് കാദ്രുകുടിയിൽ (സൂപ്പർസീനിയർ)

എൽസ പി. ജോർജ് പറയന്നിലം(സീനിയർ)

അഞ്ജലി സക്കറിയാസ് (ജൂനിയർ)

**സംഗീതം**

ലിയ ഗൊൺസാലസ് (സബ് ജൂനിയർ)

ആൽഫി അഗസ്റ്റിൻ (ജൂനിയർ)

എൽസ പി. ജോർജ് (സീനിയർ)

ഷൈനി ജോയി (സൂപ്പർ സീനിയർ)

**പ്രസംഗമത്സരം**

കെ.ജെ. തോമസ് (സൂപ്പർ സീനിയർ)

അഞ്ജലി സക്കറിയാസ് (ജൂനിയർ)

**ബൈബിൾ ക്വിസ്**

മേരി രാജു ആലക്കോട്

റെജി ജിജി കോടിക്കുളം

ബ്രിജിറ്റ് ജോസ് കല്ലാനിക്കൽ

*SFO 10/2017* **ഫാ. ടോം ഉഴുന്നാലിൽ - പ്രാർത്ഥനാദിനാചരണം**

ബ. ടോം ഉഴുന്നാലിൽ അച്ചന്റെ വിമോചനത്തിനായി ഫെബ്രുവരി 3-ാം തീയതി തൊടുപുഴ ഡിവൈൻ മേഴ്സി ഷ്റൈനിൽ വച്ച് രാത്രി ആരാധന നടത്തി. ഫെബ്രുവരി 4-ാം തീയതി രാവിലെ 5.00 am -ന് പ്രാർത്ഥന സമാപിച്ചു.

*SFO 11/2017* **സന്ദർശനം**

വണ്ടമറ്റം ഭ്രാതൃത്വത്തിന്റെ നേതൃത്വത്തിൽ വാഴക്കാല സുവിശേഷാശ്രമം സന്ദർശിച്ച് 5000 രൂപ സഹായം നല്കി.



*SFO 12/2017* **തീർത്ഥാടനം**

മൂവാറ്റുപുഴ റീജിണിലെ സഹോദരങ്ങൾ ഇടുക്കി, വാഴത്തോപ്പ്, തുമ്പിച്ചിമല തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ചു. ഫെബ്രുവരി 11-ാം തീയതി നടത്തിയ യാത്രയ്ക്ക് റവ. ഫാ. ജോൺ പിച്ചാപ്പിള്ളിൽ നേതൃത്വം നൽകി.

കോടിക്കുളം ഭ്രാതൃത്വം റവ. ഫാ. ഫ്രാൻസിസ് കാരികുന്നേലിന്റെ നേതൃത്വത്തിൽ 11-02-2017-ൽ എറണാകുളം, ഇടപ്പള്ളി തുടങ്ങിയ സ്ഥലങ്ങളിലേക്ക് സന്ദർശനം നടത്തി.

*SFO 13/2017* **മരിയൻ ഫ്രട്ടേർണിറ്റി**

17-02-2017-ൽ പള്ളിക്കാമുറി ദൈവാലയത്തിൽ വച്ചുനടന്ന പ്രാർത്ഥനാകൂട്ടായ്മയിൽ SABS സന്യാസിനി സമൂഹത്തിലെ സന്യാസാർത്ഥിനികൾ ക്ലാസുകൾ എടുക്കുകയും പ്രാർത്ഥനകൾക്ക് നേതൃത്വം നല്കുകയും ചെയ്തു.

*Director*

## സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി

*SV 3 /2017* **പ്രസിഡന്റ്സ് മീറ്റ്**

കോതമംഗലം സെൻട്രൽ കൗൺസിലിന്റെ കീഴിലുള്ള കോൺഫ്രൻസുകളുടെ യോഗം കോതമംഗലം കത്തീഡ്രൽ പാരീഷ് ഹാളിൽ വച്ച് നടന്നു. മാർച്ച് 9-ന് നടക്കുന്ന ഇന്റർനാഷണൽ പ്രസിഡന്റിന്റെ കോതമംഗലം സി.സി. സന്ദർശനം സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്തു.

*SV 4 /2017* **കട്ടിൽ വിതരണം**

മുതലക്കോടം സെന്റ് ജോർജ് വനിതാ കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ 13 സാധു കുടുംബങ്ങൾക്ക് കട്ടിൽ വിതരണം നടത്തി. റവ. ഫാ. ജോസഫ് അടപ്പൂർ ഉദ്ഘാടനകർമ്മം നിർവഹിച്ചു.

*SV 5 /2017* **ചുമതലയേറ്റു**

സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റി ഇന്റർനാഷണൽ

കൗൺസിലിന്റെ വൈസ് പ്രസിഡന്റായി ഇന്ത്യയുടെ നാഷണൽ കൗൺസിൽ പ്രസിഡന്റ് ഡോ. ജോൺസൺ വർഗീസ് ചുമതലയേറ്റു. ഇന്റർനാഷണൽ കൗൺസിലിൽ ഏഷ്യൻ രാജ്യങ്ങളുടെ ചുമതലയാണ് അദ്ദേഹം വഹിക്കുന്നത്.

*SV 6 /2017* **സന്ദർശനം**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി ഇംഗ്ലണ്ട് ആന്റ് വെയിൽസിന്റെ എഡ്യൂക്കേഷണൽ ഓഫീസർ ഡേവിഡ് വെയിൽസ് കോതമംഗലം സെൻട്രൽ കൗൺസിൽ സന്ദർശിച്ച് സൊസൈറ്റിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തി. കരിമണ്ണൂർ ഈസ്റ്റ് ഏരിയാ കൗൺസിലിൽപ്പെട്ട പെരിങ്ങാശ്ശേരി കോൺഫ്രൻസും അദ്ദേഹം സന്ദർശിച്ചു.

*Animator*

## കേരള ലേബർ മൂവ്മെന്റ്

*KLM 4/2017* **വാർഷിക ജനറൽ ബോഡി മീറ്റിംഗ്**

2017 ജനുവരി 28, 29 തിയതികളിൽ പാലാരിവട്ടം പി.ഒ.സിയിൽ വച്ച് നടന്ന കെ.എൽ.എം. വാർഷിക ജനറൽ ബോഡി മീറ്റിംഗിൽ കേരളത്തിലെ സീറോ മലബാർ, സീറോ മലങ്കര, ലത്തീൻ രൂപതകളിൽ നിന്നുള്ള അഭിവന്ദ്യ പിതാക്കന്മാരും തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും പങ്കെടുത്തു. കോതമംഗലം രൂപതയിൽ നിന്നും ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ വലിയതാഴത്തിന്റെ നേതൃത്വത്തിൽ രൂപതാ ഭാരവാഹികൾ പങ്കെടുത്തു. അസംഘടിത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ക്ഷേമനിധിയിലൂടെ നൽകിയിരുന്ന ആനുകൂല്യങ്ങൾ വെട്ടിക്കുറച്ചത് പുനഃസ്ഥാപിക്കണമെന്ന് യോഗം ഗവൺമെന്റിനോട് ആവശ്യപ്പെട്ടു.

*KLM 5/2017* **രൂപതാ എക്സിക്യൂട്ടീവ്**

കെഎൽഎം രൂപതാ എക്സിക്യൂട്ടീവ് 16-2-2017 വ്യാഴാഴ്ച നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ ചേർന്നു. രൂപതാ പ്രസിഡന്റ് റോയി കാവാട്ട് അദ്ധ്യക്ഷത വഹിച്ചു. രൂപതാ ഡയറക്ടർ ഫാ. സെബാസ്റ്റ്യൻ വലിയതാഴത്ത് യോഗം ഉദ്ഘാടനം ചെയ്തു. മാർച്ച് 4 മുതൽ യൂണിറ്റ് സന്ദർശനം നടത്തുന്നതിനും യൂണിറ്റുതല പ്രവർത്തനങ്ങൾ കൂടുതൽ



ശക്തിപ്പെടുത്തുന്നതിനും തീരുമാനിച്ചു. അസംഘടിത മേഖലയിലെ തൊഴിലാളികളെ ക്ഷേമനിധിയിൽ അംഗങ്ങളാക്കി ജീവിത സുരക്ഷ ഉറപ്പാക്കാനുള്ള പദ്ധതികളെപ്പറ്റി യോഗം ചർച്ച ചെയ്തു.

*Director*

## വാർത്തയും വിശേഷങ്ങളും

### നോമ്പുകാല ധ്യാനം

ഏപ്രിൽ 8, 9, 10 തീയതികളിൽ ഫാ. ജോസ് വെട്ടിക്കാട്ട് O.F.M Cap. നയിക്കുന്ന നോമ്പുകാല ധ്യാനം മൂവാറ്റുപുഴ നെസ്റ്റ് പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നു. കഴിയുന്നത്ര ആളുകളെ പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. ധ്യാനം 8-ാം തീയതി രാവിലെ 9 മണിക്ക് ആരംഭിച്ച് 10-ാം തീയതി തിങ്കളാഴ്ച ഉച്ചകഴിഞ്ഞ് 4 മണിക്ക് അവസാനിക്കുന്നു. വിശ്വാസപരിശീലകർ, സ്കൂൾ-കോളേജ് അദ്ധ്യാപകർ, പാരീഷ് കൗൺസിൽ അംഗങ്ങൾ, കൈക്കാരന്മാർ, സംഘടനാ നേതൃത്വത്തിലുള്ളവർ തുടങ്ങി എല്ലാവരെയും പങ്കെടുക്കുവാൻ പ്രോത്സാഹിപ്പിക്കേണ്ടതാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്ന ആളുകളുടെ വിവരം ബഹു. വികാരിയച്ചന്മാർ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫീസ് 600 രൂപ (താമസവും ഭക്ഷണവുമുൾപ്പെടെ). കൂടുതൽ വിവരങ്ങൾക്ക് വിളിക്കുക: 04852 2830033, 9747975511, 9400088729
Email: nesttdirector@gmail.com

*Director NESTT*

## NESTT Programme

**Ph. 0485 - 2830033**

| | | | |
|---|---|---|---|
| Mar | 1 - 3 | - | വിവാഹഒരുക്ക സെമിനാർ |
| " | 4 - 5 | - | KPCTA Meeting |
| " | 7 - 8 | - | മാതൃവേദി മീറ്റിംഗ് |
| " | 11 | - | Contact Class |
| " | 15 - 17 | - | വിവാഹഒരുക്ക സെമിനാർ |

*Director*

# Festal Greetings

| | | | |
|---|---|---|---|
| Rev. Fr. | Adapoor Joseph | **March** | 19 |
| " | Arackal Joseph (Jr.) | ” | 19 |
| " | Arackal Joseph (Sr.) | ” | 19 |
| " | Athickal Joseph | ” | 19 |
| " | Chirapparambil Jose | ” | 19 |
| " | Ezhumayil Joseph | ” | 19 |
| " | Kadukamakal Joseph | ” | 19 |
| " | Kapiyarumalayil Joseph | ” | 19 |
| " | Kallarackal Joseph | ” | 19 |
| " | Kandathil Joseph | ” | 19 |
| " | Kandathinkara Joseph | ” | 19 |
| " | Kannathukuzhy Joseph | ” | 19 |
| " | Keethappilly Joseph | ” | 19 |
| " | Kizhakel Jose | ” | 19 |
| " | Kochuparambil Joseph (Sr.) | ” | 19 |
| " | Kochuparambil Joseph (Jr.) | ” | 19 |
| " | Koikakudy Joseph | ” | 19 |
| " | Koikakudy Joseph Cherian | ” | 19 |
| " | Koithanath Joseph | ” | 19 |
| " | Koonanickal Jose | ” | 19 |
| " | Koonanickal Joseph | ” | 19 |
| " | Koottumkal Joseph | ” | 19 |
| " | Kottoor Joseph | ” | 19 |
| " | Kulathoor Jose | ” | 19 |
| " | Kuzhikanniyil Joseph | ” | 19 |
| " | Mackolil Joseph | ” | 19 |
| " | Mailadiathu Jose | ” | 19 |
| " | Monippilly Jose | ” | 19 |
| " | Moorkattil Jose | ” | 19 |
| " | Mulanjanany Joseph | ” | 19 |
| " | Mundackal Joseph (Jr.) | ” | 19 |
| " | Mundackal Joseph (Sr.) | ” | 19 |
| " | Mundunadayil Joseph | ” | 19 |
| " | Muttathuvalayil Joseph | ” | 19 |



| | | | |
|---|---|---|---|
| Rev. Fr. | Nedumpuram Joseph | ” | 19 |
| " | Neerampuzha Jose | ” | 19 |
| " | Nellikunnel Joseph | ” | 19 |
| " | Niravath Joseph | ” | 19 |
| " | Njaloor Joseph | ” | 19 |
| " | Parayannilam Joseph | ” | 19 |
| " | Pinakkattu Joseph | ” | 19 |
| " | Ponneth Joseph | ” | 19 |
| " | Pothoor Jose | ” | 19 |
| " | Pulickal Joseph | ” | 19 |
| " | Pulickal Joseph (Jr.) | ” | 19 |
| " | Pulloppillil Jose | ” | 19 |
| " | Pulparambil Jose | ” | 19 |
| " | Thanickal Joseph | ” | 19 |
| " | Thachukunnel Jose CMI | ” | 19 |
| " | Vattakuzhy Joseph | ” | 19 |
| " | Velliyamthadathil Joseph | ” | 19 |
| " | Vengooran Jose | ” | 19 |

# രൂപതാദ്ധ്യക്ഷന്റെ ഡയറി

**ജനുവരി**

24 • മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടത്തിയ രൂപതാ വൈദികരുടെ സ്റ്റഡിഫോറത്തിൽ പങ്കെടുത്തു.

26 • കോതമംഗലം മൈനർ സെമിനാരിയുടെ ബെനഫാക്ടേഴ്സ് ഡേ-യിൽ പങ്കെടുത്തു.

• മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് ദിവ്യകാരുണ്യത്തിന്റെ അസാധാരണ ശുശ്രൂഷകർക്കായി ക്ലാസ്സെടുക്കുകയും ശുശ്രൂഷയ്ക്കായി അവരെ നിയോഗിക്കുകയും ചെയ്തു.

• ബഹു. ടോം ഉഴുന്നാലിൽ അച്ചന്റെ മോചനത്തിനായി കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ തൊടുപുഴയിൽ വച്ച് നടത്തിയ ജപമാല റാലിയിൽ പങ്കെടുത്ത് സന്ദേശം നല്കി.

27 • മൂവാറ്റുപുഴ, വിൻസെന്റ് ഡി പോൾ സംഘടനയുടെ നേതൃത്വത്തിൽ മീങ്കുന്നം ഇടവകയിൽ പണികഴിപ്പിച്ച ഭവനത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

• മീങ്കുന്നം ഇടവകയിൽ പുതിയതായി നിർമ്മാണം പൂർത്തിയാ

ക്കിയ തിരുരക്തമലയിലെ കുരിശിന്റെ വഴികളുടെയും പുതുക്കി നിർമ്മിച്ച കപ്പേളയുടെയും വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു.

28 • തൊടുപുഴ ടൗൺപള്ളിയിൽ വച്ച് നടന്ന തൊടുപുഴ ഫൊറോനയിലെ ഫാമിലി അപ്പോസ്റ്റലേറ്റ് ലീഡേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു.

29 • തലയനാട് ലൂർദ്ദ് മാതാ ഇടവകയിൽ അജപാലനസന്ദർശനം നടത്തി. ഇടവകയിൽ പുതിയതായി നിർമ്മിച്ച ജപമാല വഴികളുടെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

30 • വാഴപ്പിള്ളിയിൽ പ്രവർത്തിക്കുന്ന ജീവോദയ കൗൺസലിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ 2016-17 വർഷത്തെ കൗൺസലിംഗ് കോഴ്സിന്റെ സർട്ടിഫിക്കറ്റ് വിതരണം നടത്തി.

- വാഴക്കുളം എമ്മാനുവൽ ധ്യാനകേന്ദ്രത്തിൽ വച്ച് രൂപതയ്ക്കു വേണ്ടി നടത്തിയ പ്രാർത്ഥനാക്കൂട്ടായ്മയിൽ പങ്കെടുത്തു.

**ഫെബ്രുവരി**

1 • തൊടുപുഴ ന്യൂമാൻ കോളേജിൽ പുതിയതായി നിർമ്മിക്കുന്ന അക്കാദമിക് ബ്ലോക്കിന്റെയും ഇൻഡോർ സ്റ്റേഡിയത്തിന്റെയും ശിലാസ്ഥാപനം നടത്തി.

- മാറിക സെന്റ് ആന്റണീസ് ക്നാനായ പള്ളിയുടെ സുവർണ്ണജൂബിലി ആഘോഷങ്ങളുടെ ഭാഗമായി വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും ഇറ്റലിയിലെ പാദുവായിൽ നിന്നും കൊണ്ടുവന്ന വി. അന്തോനീസിന്റെ തിരുശേഷിപ്പ് പ്രതിഷ്ഠിക്കുകയും ചെയ്തു.

3-6 • സീറോ മലബാർ സഭയുടെ സൗത്ത് ഗോവ റീജിയൺ തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകുകയും കുട്ടികളുടെ സ്ഥൈര്യലേപനവും ആഘോഷപൂർവമായ വി. കുർബാന സ്വീകരണവും നടത്തുകയും ചെയ്തു.

7 • മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടന്ന പ്രെസ്ബെറ്റേറിയത്തിൽ പങ്കെടുത്തു.

8 • മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടന്ന Catechism നാഷണൽ സെമിനാർ ഉദ്ഘാടനം ചെയ്തു.

- വാഴക്കുളം കാർമ്മൽ ആശ്രമാംഗമായ റവ. ഡോ. ആൽബർട്ട് നമ്പ്യാപറമ്പിലിന്റെ മൃതശരീരത്തിങ്കൽ ഒപ്പീസുചൊല്ലി പ്രാർത്ഥിച്ചു.
- മരിയൻ തീർത്ഥാടനകേന്ദ്രമായ കുറവിലങ്ങാട് മർത്ത് മറിയം ഫൊറോന പള്ളിയിൽ മൂന്ന് നോമ്പ് തിരുനാളിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.



9 • കോതമംഗലം കത്തീഡ്രൽ ഇടവകാംഗമായ ബഹു. മാത്യു മുണ്ടയ്ക്കൽ അച്ചന്റെ (ഈശോ അച്ചൻ) ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകി.

10 • കോതമംഗലം, രാമല്ലൂരിലുള്ള CMC സഭാംഗങ്ങളുടെ നൊവിഷ്യേറ്റ് ഹൗസിൽ വി. കുർബാനയർപ്പിച്ച് സന്ദേശം നൽകി.

11 • ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ മൂവാറ്റുപുഴ നെസ്റ്റിൽ വച്ച് നടന്ന ക്യാമ്പസ് മീറ്റിൽ പങ്കെടുത്ത് സന്ദേശം നൽകി.

- പൊന്തിഫിക്കൽ തിരുബാലസഖ്യദിനത്തോടനുബന്ധിച്ച് മൂവാറ്റുപുഴ നിർമ്മല പബ്ലിക് സ്കൂളിൽ വച്ച് നടന്ന തിരുബാലസഖ്യദിനാഘോഷങ്ങളിൽ പങ്കെടുക്കുകയും പ്രവർത്തനവർഷം ഉദ്ഘാടനം ചെയ്യുകയും ചെയ്തു.
- ചിറ്റൂർ ഇടവകാംഗമായ മോൺ. മാത്യു പാലമറ്റത്തിലച്ചന്റെ ഒന്നാം ചരമവാർഷികത്തോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ച് തിരുക്കർമ്മങ്ങൾക്ക് നേതൃത്വം നൽകി.
- തിരുഹൃദയ സന്യാസിനി സഭാംഗമായ സി. തോമസീനയുടെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മൈലക്കൊമ്പ് തിരുഹൃദയമഠം ചാപ്പലിൽ മുഖ്യകാർമ്മികത്വം വഹിച്ചു.
- ധർമ്മഗിരി സിസ്റ്റേഴ്സ് കോട്ടപ്പടി ഇടവകയിൽ പുതുക്കി നിർമ്മിച്ച മഠത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

12 • ചെപ്പുകുളം സെന്റ് തോമസ് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

## Bishop's Engagements

**MARCH 2017**

| | | | | |
|---|---|---|---|---|
| 1-6 | Wed-Mon | | Ujjain | |
| 8 | Wed | Meeting | NESTT | 10.30 am |
| | | Blessing | Nediakadu | 03.00 pm |
| 9 | Thu | Blessing | Kothamangalam | 10.00 am |
| | | Holy Qurbana | Vazhakulam | 06.00 pm |
| 11 | Sat | Family Apostolate Meeting | Kothamangalam | 01.30 pm |
| | | Blessing | Muvattupuzha | 04.00 pm |
| 12 | Sun | Pastoral Visit | Parapuzha | |
| 14 | Tue | Holy Qurbana | Karimannoor | 06.30 am |
| 17 | Fri | Holy Qurbana | Vadakkummury | 03.30 pm |

| | | | | |
|---|---|---|---|---|
| 18 | Sat | Meeting | NESTT | 10.00 am |
| | | Family Apostolate Meeting | Vazhakulam | 01.30 pm |
| | | Presbytery Blessing | Marika | 04.00 pm |
| 19 | Sun | Pastoral Visit | Nadukkara | |
| 20-21 | Mon-Tue | Monthly Recollection | | |
| 26 | Sun | Holy Qurbana | Thavalappara | 10.30 am |
| 30 | Thu | Meeting | Karimannoor | 10.00 am |

## നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. പോൾ തരണിയിൽ (Jr) | ചരമദിനം | 02-04-2010 |
| ഫാ. ആന്റണി പുതുശ്ശേരി | ” | 04-04-2014 |
| ഫാ. ജോസ് കുരീത്തടം | ” | 06-04-1973 |
| ഫാ. അഗസ്റ്റിൻ നടുവിലേമാക്കൽ | ” | 11-04-2003 |
| ഫാ. ജോർജ് കൊച്ചുപറമ്പിൽ (Jr) | ” | 13-04-1980 |
| ഫാ. സെബാസ്റ്റ്യൻ കല്ലുങ്കൽ | ” | 15-04-2016 |
| ഫാ. സെബാസ്റ്റ്യൻ തെക്കേക്കുന്നേൽ | ” | 17-04-1965 |
| ഫാ. തോമസ് പീച്ചാട്ട് | ” | 17-04-1985 |
| ഫാ. ജോസഫ് കാവുംപുറം | ” | 20-04-2016 |
| ഫാ. തോമസ് കരിങ്ങാട്ടിൽ | ” | 22-04-2010 |
| ഫാ. ജെയിംസ് പാറത്തലയ്ക്കൽ | ” | 25-04-1969 |
| ഫാ. മാത്യു വലിയമറ്റം | ” | 25-04-2016 |
| മോൺ. തോമസ് നെടുങ്കല്ലേൽ | ” | 27-04-1991 |
| ഫാ. തോമസ് ചെട്ടിപ്പറമ്പിൽ | ” | 28-04-2010 |
| ഫാ. ഫ്രാൻസിസ് കൊച്ചുപുര | ” | 29-04-2001 |

## നിര്യാതയായി

### റവ. സി. തോമസീന SH (നെടുങ്കല്ലേൽ)

| | | |
|---|---|---|
| ഇടവക | : | കല്ലൂർക്കാട് |
| ജനനം | : | 21-05-1923 |
| ആദ്യവ്രതം | : | 12-04-1945 |
| നിത്യവ്രതം | : | 04-12-1950 |
| മരണം | : | 08-02-2017 |
| മൃതസംസ്കാരം | : | 11-02-2017(മൈലക്കൊമ്പ്) |



## Statement about ownership and other particulars about the magazine "DEIVARAJYAM" (Malayalam)

### (Form IV See Rule 8)

| | | | |
|---|---|---|---|
| 1 | Place of publication | : | Kothamanagalam - 686 691 |
| 2 | Periodicity of its publication | : | Monthly |
| 3 | Printer's Name | : | Rev. Dr. George Thekkekara |
| | Nationality | : | Indian |
| | Address | : | Bishop's House Kothamangalam-686 691 |
| 4 | Publisher's Name etc. | : | As in 3 |
| 5 | Editor's Name etc. | : | As in 3 |
| 6 | Name and address of individuals who own the Newspaper & partners or Shareholders holding more than one percent of the total capital. | : | Diocese of Kothamangalam |

I, Dr. George Thekkekara, hereby declare that the particulars given above are true to the best of my knowledge and belief.

Sd/-

Rev. Dr. George Thekkekara

Date : 01-03-2017 (Publisher)